Managing Editor, A. K. Sârma, Perassery.

DHARMA DHEERAN.

ധർമ്മധീരൻ

"ഉണരുവിനഖിലേശനെ സ്മരിപ്പിൻ!
ക്ഷണമെഴുന്നേല്പിനനീതിയോടെതിർപ്പിൻ!!

പുസ്തകം ൧. } കോട്ടയം. ൧൧൦൪ കർക്കടകം. { ലക്കം ൬

വിഷയവിവരം.

—x—

പുസ്തകകം

(മഹോ

മേ

ക്കെയൊ

എന്നിത

ത്ത ഉപ

ലംഭനാ

അതിനെ

സമ്മതി

തിജന്യ

ത്യം'

ട്ടതയും

പരിച

കന്നു.

അത്ത്'

ള്ളൂ.

സ്യം'

ആക്

ശ്യ

C. K. Kumaran

ധർമ്മധീരൻ

പുസ്തകം ൧ } കോട്ടയം ൧൧൦൪ കർക്കടകം. { ലക്കം ൩.

കൊച്ചുസീത.

CKKK

(തുടർച്ച.)

(മഹോപാദ്ധ്യായ എൻ. പി. പണിക്കർ, ചങ്ങനാശേരി.)

മേൽ പതിനെട്ടാം ഖണ്ഡിക, അതായത് 'പുരുഷന്മാരൊക്കെയൊപ്പമഭിജ്ഞയാം വാരാംഗനയ്ക്കില്ല രാഗവും ദ്വേഷവും' എന്നിത്യാദി വാക്യങ്ങൾ മുത്തശ്ശിയെക്കൊണ്ടു പറയിപ്പിച്ചത് അത്ര ഉചിതമായി എന്നു പറയുവാൻ നിവൃത്തിയില്ല. വേശ്യോപാലംഭനപരമായിട്ട് വേറെ വല്ലവരെക്കൊണ്ടും ഇതു പറയിപ്പിച്ചാൽ അതിന്റെ സ്വാരസ്യം ഒന്നു പ്രത്യേകമായിരിക്കുമെന്നു ആരും സമ്മതിക്കും. ഒരു അജ്ഞയായ വേശ്യയെക്കൊണ്ടു പാണ്ഡിതിജന്യമായ യുക്തിവാദങ്ങൾ പുറപ്പെടുവിച്ചതിൽ 'കവി' 'ഔചിത്യം' നോക്കീട്ടില്ല. മുത്തശ്ശിയുടെ ഈ വാചോയുക്തിയും വാക്പടുതയും കണ്ടിട്ട് 'ബെസന്റു' മതാമ്മയെപ്പോലെ അറിവും ലോകപരിചയവുമുള്ള ഒരു മഹിളാമണിയാണ് ഇവരെന്നു തോന്നിപ്പോകുന്നു. മുത്തശ്ശി പറഞ്ഞിട്ടുള്ളതൊക്കെ നല്ലതുതന്നെ; പക്ഷെ, അതു് അവരെക്കൊണ്ടു പറയിപ്പിക്കേണ്ടതല്ലായിരുന്നു എന്നേയുള്ളു. മുത്തശ്ശിയുടെ ഈ ഉപദേശം കേട്ടാൽ, അവർ 'ലോകരഹസ്യം' നല്ലവണ്ണം മനസ്സിലാക്കിയിട്ടുള്ള ഒരു 'വിദുഷി'യാണെന്ന് ആർക്കും തോന്നിപ്പോകും. അങ്ങിനെ വരാൻ പാടില്ല. ഈ വൃദ്ധവേശ്യയെ അത്ര വൈദുഷ്യസമ്പത്തുകൊണ്ട് അലങ്കരിപ്പാൻ ഒരിക്കലും

പാടില്ല. ആരെക്കൊണ്ടാണു് പറയിപ്പിക്കുന്നതു്, ആരോടാണു് പറയുന്നതു്, സന്ദർഭമേതാണു്, ഉദ്ദേശമെന്താണു് എന്നൊക്കെ കവികൾ വളരെ സൂക്ഷ്മമായി അറിയേണ്ടതാണെന്നു 'മഹാകവി'കളോടു പറയേണ്ടതായി വരുന്നതു് വാസ്തവത്തിൽ ഇതിന്നുള്ളവക്കു വളരെ സങ്കടകരമാകുന്നു. കുറച്ചു ശബ്ദഭംഗിയും, അർത്ഥവിഷയമായി ഒരു 'ആപാതരമണീയത'യും മാത്രം ഉണ്ടായാൽ അതൊരു 'കവിത'യായി ജനങ്ങൾ കരുതുന്ന കാലമൊക്കെ കഴിഞ്ഞുപോയിരിക്കുന്നു. അതറിഞ്ഞു 'മഹാകവി'കൾ കാലത്തിനൊത്തവിധം കോലം കെട്ടിയാൽ അവരുടെ യാഥാസ്ഥിതികത്വത്തിന്നു് അല്പം ഉടവു തട്ടുമെങ്കിലും ലോകം വഴക്കുകൂടാതെ കഴിയുമായിരുന്നു. അതവക്കു കഴിയുന്നതാണു്; പക്ഷേ, അതിൽ അവർ അത്ര ശ്രദ്ധ വയ്ക്കുന്നില്ലെന്നേയുള്ളു.

'നിച്ചിലും സ്വാർത്ഥമേ നോക്കുന്ന ചിലനര —
രിച്ചുപോലെ കുടുക്കിട്ടുനല്ലാർകളെ' എന്നുള്ളതിൽ

'ചില നരർ' എന്നാണോ മുത്തശ്ശി പറയേണ്ടതെന്നു ആലോചിക്കേണ്ട സംഗതിയാകുന്നു. 'ചില നരർ സ്വാർത്ഥതല്പരരാണെ'ന്നു പറഞ്ഞാൽ അങ്ങിനെയല്ലാത്തവരും 'ചില'രുണ്ടെന്നു സിദ്ധമാകുന്നില്ലേ? 'മുത്തശ്ശി'യുടെ ഉദ്ദിഷ്ടത്തിനു ഈ 'ചില നരർ' പ്രയോഗം പററിയതാണെന്നു പറയുവാൻ നിവ്വാഹമില്ല. പുരുഷന്മാരെല്ലാവരും സ്വാർത്ഥതല്പരന്മാരാണെന്നു വേണം 'മുത്തശ്ശി സിദ്ധാന്തിപ്പാൻ. ചില പുരുഷന്മാർ 'സ്വാർത്ഥി'കളാണെങ്കിൽ അങ്ങിനെയല്ലാത്ത ഒരു പുരുഷനെ 'എനിക്കു വരിച്ചുകൂടയോ' എന്നു 'കൊച്ചുസീത'യ്ക്കു ന്യായമായി ഒരാശങ്കയുണ്ടാകാവുന്നതാണല്ലോ. അതുകൊണ്ടു 'നിച്ചിലും സ്വാർത്ഥമേ നോക്കുന്ന പുരുഷര—ങ്ങിച്ചുപോലെ കുടുക്കീട്ടു നല്ലാർകളെ' എന്നുതന്നെയാണു 'മുത്തശ്ശി' പറയേണ്ടതു്. 'സതീവ്രതം' വത്തമാനഗുണാധായകമല്ലെങ്കിലും ഭാവികാലഗുണാധായകമാണെന്നുള്ളതു്,

'ഛീ! വത്തമാനത്തെയിട്ടു ചിന്തിക്കയോ
ഭാവിക്കടുക്കൽ വള്ളം വച്ചുകൊള്ളുവാൻ' എന്നു പറയു

ന്നതുകൊണ്ടു് മുത്തശ്ശിതന്നെ സമ്മതിക്കുന്നു. എന്നാൽ, ഭാവിഗുണത്തെയല്ല നോക്കേണ്ടതെന്നും വത്തമാനഗുണത്തെയാണെന്നും മുത്തശ്ശി എന്തുകൊണ്ടു സമർത്ഥിച്ചില്ല?

൨൭-ാമത്തു ഖണ്ഡികയിൽ 'വൈകുണ്ഠസമ്പത്തു മുങ്ങിതാ നിൻകാൽക്കൽ വാർകുന്ന ചില്ലിത്തലപ്പൊന്നിളക്കിയാൽ' എന്നു കാണുന്നു. ഇവിടെ ഈ 'വാർകുന്നച്ചില്ലിത്തലപ്പൊന്നി'നെന്താണർത്ഥമെന്നു മനസ്സിലാവാൻ വളരെ വിഷമം. 'നിന്റെ ചില്ലിയൊന്നിളക്കിയാൽ വൈകുണ്ഠസമ്പത്തുപോലും ഇതാ! നിന്റെ കാൽക്കൽത്തന്നെയുണ്ട്' എന്നു ചില്ലിക്കു വിശേഷണം കൊടുക്കാതെതന്നെ അതിന്റെ മാഹാത്മ്യം ഗതാർത്ഥമാകുമെങ്കിലും 'വർകുന്ന'കൂടിച്ചേർക്കുന്നതു 'അധികപദ'മാകില്ലെന്നു വേണമെങ്കിൽ പക്ഷേ സമാധാനം പറയാം. എല്ലാ അംഗങ്ങളിലും വെച്ച് 'ഉത്തമാംഗം തലയാണെന്നുള്ളതുകൊണ്ടു 'വാർകുന്നചില്ലിത്തല'യെന്നും കൂടി പക്ഷേ പറയാമെന്നും വെയ്ക്കുക; എന്നാലും, ഈ തലപ്പൊന്നെന്തിനാണ്? 'വാർകുന്നചില്ലിത്തല'യിൽ പൊന്നുണ്ടോ? ഇതു വളരെ വിചിത്രമായിരിക്കുന്നു! സാക്ഷാൽ തലയിൽത്തന്നെ പൊന്നുവെയ്ക്കുന്ന കാര്യം വളരെ അപൂർവമാണ്; അങ്ങിനെയിരിക്കെ ഈ വാർകുന്നചില്ലിത്തലയിൽ പൊന്നു പററിച്ചിരിക്കുന്ന കാര്യമോർത്തിട്ടു വളരെ ആശ്ചര്യം തോന്നുന്നു! 'കചതഃ ത്ര്യന്ത്യൂതിവദനം...' എന്നു ആലങ്കാരികന്മാർ പറയുന്നതുപോലെ 'മൂടികണ്ടു മുഖം പേടിക്ക'യെങ്കിലും ഈ 'തലപ്പൊന്നു'കണ്ടു 'വൈകുണ്ഠസമ്പത്തു' പേടിക്കുമോ എന്നു സംശയമാണ്. 'വാർകുന്നചില്ലിയോടുകൂടിയ തലയിലെ പൊന്നിളക്കിയാൽ' എന്നാണോ ഇവിടെ അർത്ഥം വിവക്ഷിച്ചിരിക്കുന്നതെന്നറിഞ്ഞില്ല. അങ്ങിനെയാണെങ്കിൽ വൈകുണ്ഠസമ്പത്തിനെ പ്രലോഭിപ്പിക്കത്തക്കവിധം അത്രവളരെ പൊന്നു 'കൊച്ചുസീത' തലയിൽ ചുമന്നുകൊണ്ടിരിക്കയാണോ എന്നു പിന്നെയും സംശയം. കഷ്ടിച്ചാൽ ഒരു 'ഭാരം' പൊന്നേ ഒരു പെണ്ണു തലയിൽ ചുമക്കുമായിരിക്കും. അതുകൊണ്ടൊന്നും വൈകുണ്ഠസമ്പത്തു പ്രലോഭിക്കില്ല. ഇനി വാർകുന്നചില്ലിത്തലയുടെ പൊന്നു 'ഗിൽററി'ട്ടിരിക്കയാണെന്നോ മറേറാ (പരിഷ്കാരകാലത്തു അതുമൊരകയാകാമല്ലോ) വിവക്ഷയുണ്ടോ ഇല്ലയോ എന്നറിഞ്ഞുകൂടാ. ഏതായാലും ഇവിടൊരു കുഴപ്പംതന്നെ! 'വാർകുന്നചില്ലിത്തലയ്ക്കുന്ന പൊന്നു' എന്നു ഒരിക്കലും അർത്ഥം വിവക്ഷിച്ചിരിക്കയില്ലല്ലോ; വിവക്ഷിച്ചിരുന്നാൽ, പൊന്നിനു

പുരികക്കൊടിക്കും ഒരു സാധൎമ്മ്യം പറയേണ്ടതാവശ്യമായി വരു മല്ലോ.

'അന്ന, വഴിയെവന്നപ്പോൾ അളുകൾ ഓടിമാറി. എങ്ങിനെയെന്നാൽ, വിളക്ക വരുമ്പോൾ ഇരുട്ട മാറുന്നതുപോലെ' എന്ന് ഒരു കവി സരസ്യം വൎണ്ണിച്ചിട്ടുള്ള ഒരു പദ്യം എപ്പോഴോ ഞാൻ വായിച്ചിട്ടുണ്ട്? അതിൽ പിന്നീട് ഇപ്പോഴാണ് അതു പോലുള്ള ഒരു സാധൎമ്മ്യപ്രതിപാദനം കാണുക. 'വാൎകുന്ന ചില്ലി' ഇളക്കിയാലും പോര 'വാൎകുന്ന ചില്ലിത്തല' ഇളക്കിയാലും പോരാ; 'വാൎകുന്ന ചില്ലിത്തലപ്പൊന്ന്'തന്നെയിളക്കിയെങ്കിൽ മാത്രമേ വൈകുണ്ഠസമ്പത്തിനെ ഭയപ്പെടുത്താനും 'പാദം' തികയ്ക്കാനും സാധിക്കയുള്ളൂ എന്നു വന്നിരിക്കുന്നു! ചില്ലിക്കൊടിയുടെ സൎവ്വവശീകരണശക്തിയും ശക്തിയും സ്വൎഗ്ഗസമ്പത്തിന്റെ ക്ഷിപ്രസാധ്യതയുമാണ് ഇവിടെ വിവക്ഷിച്ചിട്ടുള്ളതെങ്കിൽ ഈ 'പൊന്നു'പദപ്രയോഗം കൂടാതെ കഴിക്കയായിരുന്നു നല്ലത്. ശബ്ദം പൊന്നായിരുന്നാലും അൎത്ഥം വെറുംകാരിരുമ്പായാൽ അതുകൊണ്ടു സുഖമുണ്ടോ? ഇങ്ങനെ ൨൫-ാമത്തു ഖണ്ഡികവരെ ഓരോ ദോഷങ്ങൾ ഓരോന്നിലും പറയുവാനുണ്ട്. ൨൨—ാമത്തെ ഖണ്ഡികയിൽ കാണുന്ന 'സ്രഷ്ടാവുനാലുകം വിശേഷവപുർലക്ഷ്മി' എന്നുള്ള ഭാഗം മുത്തശ്ശിക്കു ചേരുന്ന ഭാഷാശൈലിയല്ലെങ്കിലും ആ ഖണ്ഡിക വളരെ മനോഹരമായിട്ടുണ്ടെന്നു പറയണം. ആ ഖണ്ഡിക ഇവിടെ ഉദ്ധരിക്കാം:—

'സ്രഷ്ടാവുനാലുകം വിശേ—വപുർല്ലക്ഷ്മി
കിട്ടാത്ത പെണ്ണിന്നണിയാം സതീവ്രതം;
തമ്പുരാന്മാൎക്കും കൊതിതോന്നുമെൻപൊന്നു—
ചമ്പകത്തിന്നാ 'മുരുക്കപ്പൂ'വെന്തിന്നാം?'

മുത്തശ്ശിയുടെ ഈ 'തൎജ്ജനം' നല്ല കണക്കിനു പററിയിട്ടുണ്ടെന്നു 'കവിഹൃദയ'മറിയാവുന്ന വരൊക്കയും സമ്മതിക്കാതിരിക്കില്ല. 'തമ്പുരാന്മാൎക്ക'പോലും കൊതിതോന്നുന്ന എന്റെ പൊന്നു'ചമ്പക'ത്തിന് ആ മുരുക്കപ്പൂവെന്തിനാണെന്നുള്ള മുത്തശ്ശിയുടെ സതീവ്രതതിരസ്കാരം അവരുടെ ഉപദേശചാതുൎയ്യത്തേയും പരപ്രലോഭനനിപുണതയേയും പ്രസ്ഫുടമാക്കുന്നു. വിശേഷിച്ചും, 'തമ്പുരാന്മാൎക്കും കൊതി തോന്നുമെൻ പൊന്നുചമ്പകത്തിന്നു മുരുക്ക

പൂവെന്തിനാം? എന്നുള്ള ഉത്തരാർദ്ധം "തല പോന്നാലും ബുലെ" എന്നു പറഞ്ഞമട്ടിൽ 'ബലേഭേഷാ'യിട്ടുണ്ടെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ഇതിലടങ്ങിയിട്ടുള്ള 'സാരസ്യ'ത്തെപ്പററി വളരെ പറയുവാനുണ്ടാവും; ഗ്രന്ഥവിസ്തരഭയത്താൽ തൽക്കാലം ചുരുക്കുന്നു. (തുടരും)

കാലോപാലംഭം.

(കെ. വി. കേശവൻ ബി. എ.)

൧. ഓടുന്നുകാലംപുറകോട്ടുനോക്കാ—
തീടാന്നവേഗത്തൊടിതെന്തുകഷ്ടം!
ഹാ! കാലമേ! വിശ്രമമെന്നകാര്യം
നീമാത്രമോരാത്തതിനെന്തുഹേതു?

൨. ആ ബ്രഹ്മകീടം സകലക്കുമീശൻ
വിശ്രാന്തികൽപ്പിച്ചതു മാനിയാതെ
സദാപരിവൃത്യുന്മുഖനായനീയാർ?
ധിക്കാരിയല്ലീ? ഇതു നിന്ദയല്ലീ?

൩. കാലത്തുഞാനേററു വെള്ളിക്കപോയി—
ത്തിരിച്ചുവന്നിങ്ങു കുളിച്ചു പിന്നെ—
പ്പഠിക്കുവാൻ പയ്യെയിരുന്നതേയു—
ള്ളതിന്നുമുമ്പേ മണിയെട്ടടിച്ചു.

൪. കാലത്തിനൊക്കംപടി പാഠമെല്ലാം
ശരിപ്പെടുത്തിസ്സരിയായ് നടക്കാൻ
ഞാനെത്രനാളുണ്ടു പണിപ്പെടുന്നു,
നിനക്കതേതും വകയല്ലതന്നെ.

൫. ആരാകിലും നീയഥ കാലമല്ല,
പൊരുത്തകാലൻ കളവല്ല നൂനം,
ഒന്നോർക്കിൽ നീയാണഥ കാലകാലൻ
കാലൻ വലയ്ക്കാ മരണംവരയ്ക്കും

൬. വൃദ്ധർക്കുവേഗം കുറയേണ്ടതാണു
നീയോ മഹാവൃദ്ധനമാണു, പക്ഷേ
നിനക്കു സർവ്വം കീഴ്മേൽ മറിച്ചും
കിഴട്ടുവൃദ്ധാ! കഴിവെന്തുപിന്നെ?

൭. അതാ — അടിച്ചു മണിയെൻപതാണി
തെന്തിന്നുലോഭിച്ചു? — മുറയ്ക്കടിക്ക,
അടിക്ക പത്തും പതിനൊന്നുമൊക്കെ —
യൊന്നിച്ചടിച്ചിങ്ങു ദുലഞ്ഞിടട്ടെ.

൮. ഇന്നത്തെ നാളത്തെയടുത്തതും പി —
ന്നെന്നത്തതും കൂടെയടിക്കവേഗം,
അടിക്ക കൽപ്പാന്തവുമാകുമെങ്കിൽ
ഒന്നിച്ചടിച്ചേക്കുക, സൊല്ലതീരും.

൯. 'കല്പാന്തകാലേ വടപത്രമദ്ധ്യേ
ശയാനമാദ്യന്തവിഹീനരൂപം'
ഓഹോ! ഇതെന്താണു പുലമ്പിഞാനി —
താരാനുമെൻ വാണി ശ്രവിച്ചിതാമോ?

൧൦. കഷ്ടം മഹാകഷ്ട! മതാ ജനാല —
ക്കുക്കേപ്പുറംനിന്നു ചിരിപ്പതാരോ?
'കുമാര'നാവാം പരപുഷ്ടശാസ്ത്ര —
പാരംഗതാദ്ധ്യപ്രഭവപ്രഭാവൻ.

൧൧. ഇല്ലാരുമിങ്ങിഷ്ടനൊഴിഞ്ഞുമാരി
പ്പോയായിരിക്കാം കതകിന്റെ പിമ്പിൽ
ഇല്ലിങ്ങുമാരും; ബഹുകേമമായി;
വിഭ്രാന്തിയോ ഹാ! ഇതിന്നർത്ഥമെന്തോ?

൧൨. അതേയതേയർത്ഥമിതിന്നുമുണ്ടു,
വേണ്ടോളമൂ, ന്നായതിനില്ല വാദം
നിരർത്ഥമാം സംഭവമില്ല വേണ്ടാ —
വിധാത്തിലോരാൻ കഴിവുള്ളവർക്കു്.

൧൩. ഉറക്കിളച്ചേറെയിരുന്നുപാഠം
പഠിച്ചു രാവെപ്പകലാക്കിയോർക്കു

രാവായ്ബ്ഭവിക്കാം പകലൊക്കെ, യപ്പോൾ
കാണും ദിവാസ്വപ്നമിവണ്ണമാവാം.

ഹർ. ഹേ! കാലദേവാ! കരുണാപയോധേ!
ഞൊറുക്കതോക്കൊത്തരചെയ്തതെല്ലാം
അല്പജ്ഞനാം ഞാനവിവേകമായി—
ജ്ജല്പിച്ചതെല്ലാം സഹനം ക്ഷമിക്ക.

ബുദ്ധമതക്കാരുടെ ചില

അന്ധവിശ്വാസങ്ങൾ.

(എൻ. കൃഷ്ണൻ, മാനേജർ ററി. പി. ഐ. കമ്പനി.)

(തുടർച്ച)

ഇനി ജനനസമയത്തുണ്ടായ മററു സംഭവങ്ങളെ നോക്കുക. "ജനനസമയത്തിൽ ത്രിമൂത്തികളും ദേവന്മാരും മനുഷ്യദൃഷ്ടിക്കഗോചരമായ വിധത്തിൽ അവിടെ ആവിർഭവിച്ചു ദിവ്യനായ ശിശുവിനു ഭാവിയിൽ നിർവ്വഹിക്കേണ്ട അവതാരകാര്യങ്ങളെ ഉപദേശിച്ചു അനുഗ്രഹിച്ചു മറഞ്ഞു. "അനന്തരം ശിശു കമലാസനത്തിൽ നിന്നും നിവത്തിച്ചു ഏഴടി മുമ്പോട്ടുവന്നു തൻെറ അവതാരപരമാർത്ഥത്തെ അവിടെ കൂടിനിന്ന ജനങ്ങളെ ഉൽബോധിപ്പിച്ചു. അതേനിമിഷത്തിൽ മായാദേവിയുടെ സമീപത്തിൽ നിന്നും ഒരു ഊററു ഉദ്ഭവിച്ചു പ്രവഹിച്ചു ശിശുവിനെ സ്നാനം ചെയ്യിച്ചു. ദേവന്മാർ ആകാശത്തിൽനിന്നും പുഷ്പവൃഷ്ടി ചെയ്തു. പരസ്പരവൈരികളായ പക്ഷിവൃന്ദങ്ങളും മൃഗവർഗ്ഗങ്ങളും പരസ്പരസ്നേഹത്തോടും ഐക്യത്തോടും പെരുമാറിത്തുടങ്ങി. വേറെയും സന്നിമിത്തങ്ങൾ പലതും സംഭവിച്ചു"

വിശേഷങ്ങൾ വല്ലതും നടക്കുമ്പോൾ ത്രിമൂത്തികളെ അവിടെ കൊണ്ടുവരാതെ ഹിന്തുക്കൾക്കു സുഖമില്ല. അതേ രോഗം

തന്നെയാണ് ബുദ്ധമതക്കാൎക്കും പകൎന്നിട്ടുള്ളത്. ത്രിമൂൎത്തികളിൽ ഒരാളായ ബുദ്ധൻ ജനിക്കുമ്പോൾ പിന്നെയും അവിടെ "ത്രിമൂൎത്തികൾ വന്നുനോക്കുന്നു. അവൎക്കു മനുഷ്യർ കാണുന്നതു നല്ല സന്തോഷമല്ല. അതുകൊണ്ടായിരിക്കണമല്ലോ മനുഷ്യദൃഷ്ടിക്കു അഗോചരമായ വിധത്തിൽ അവിടെ ആവിൎഭവിച്ചത്. ഭാവിയിൽ ചെയ്യേണ്ട അവതാരകാൎയ്യങ്ങളെ ബുദ്ധനുപദേശിക്കുന്നതിനാൽ ബുദ്ധൻ ഇതൊന്നും മുൻകൂട്ടി ധരിക്കാതെയാണ് വന്നവതരിച്ചതെന്നു തോന്നുന്നു. ദിവ്യനായ ശിശു അസാധാരണമായ വിധത്തിൽ ഉടനെതന്നെ എഴുന്നേററു ഏഴടി മുമ്പോട്ടുവരുന്നു. സാധാരണ കുട്ടികളാണെങ്കിൽ ഏഴടി മുമ്പോട്ടുവരുന്നതിനു അഞ്ചെട്ടുമാസമെങ്കിലും താമസിക്കാതിരിക്കുമോ? എന്നിട്ടോ മുമ്പോട്ടുനടന്നുവരികമാത്രമാണോ അവിടെ നിന്നവൎക്കു തന്റെ അവതാരപരമാൎത്ഥത്തെ ധരിപ്പിക്കയും ചെയ്യുന്നു. സാധാരണരീതിയിൽ ജന്മേന്ദ്രിയത്തിൽ കൂടെ ജനിക്കാത്തതുകൊണ്ടും കുട്ടിക്കു വേണ്ടുംവണ്ണം ശുദ്ധിയുണ്ടായിരുന്നെന്നു തോന്നുന്നില്ല. കാരണം ഉടൻതന്നെ മായാദേവിയുടെ സമീപത്തിൽനിന്നു ഒരു ഊററു ഉൽഭവിച്ചു കുട്ടിയെ സ്നാനം ചെയ്യിപ്പിച്ചു വൃത്തിയാക്കുന്നു. ജനനസമയത്തു ശ്രീരാമനും ശ്രീകൃഷ്ണനും തങ്ങളുടെ മാതാപിതാക്കന്മാരെ വിശ്വരൂപം കാട്ടി ഭയപ്പെടുത്തിയതുപോലെ ബുദ്ധനും ജനിച്ച ഉടൻതന്നെ അൽഭുതകൎമ്മങ്ങളെല്ലാം ചെയ്തു് അവിടെ നിന്നവൎക്കു തന്നിൽ ഭയഭക്തിബഹുമാനങ്ങളുണ്ടാക്കുന്നു. ഏതുവിധത്തിലും ബുദ്ധൻ ശ്രീരാമനിൽനിന്നും ശ്രീകൃഷ്ണനിൽനിന്നും കുറഞ്ഞ സ്ഥിതിയിലുള്ളവനാണെന്നു കാണുന്നില്ല. പോരെങ്കിൽ വസുദേവൻ കൊട്ടയിൽ ശിശുവിനെ ചുമന്നും സൎപ്പാധിരാജൻ ഫണചക്രവാളംകൊണ്ടു കുഞ്ഞിനെ മഴകൊള്ളാതെ കുടപിടിച്ചും അമ്പാടിയിലേക്കു ശ്രീകൃഷ്ണനെ കൊണ്ടുപോകുമ്പോൾ "ഓളങ്ങൾ തള്ളിപ്പുളിനം പിളൎക്കും കാളിന്ദിതന്നിൽ കവിയുന്ന വെള്ളം, ചിളെന്നു ശൌരിക്കു തദാ കണങ്കാലോളം ഭവിച്ചില ഹരിപ്രഭാവാൽ" എന്ന രൂപത്തിൽ കാളിന്ദിയിലെ വെള്ളം വററിപ്പോയെങ്കിൽ ഇവിടെ വെള്ളമില്ലാതിരുന്ന ദിക്കിൽ ഉടൻ തന്നെ അത്ഭുതകരമായ വിധത്തിൽ ഒരു ഊററവും ഉണ്ടാകുന്നു. ഇസ്രായേൽ ജനങ്ങൾ കടന്നുപോയപ്പോൾ ചെങ്കടൽ രണ്ടായിപ്പിളൎന്നു മദ്ധ്യം

വററിപ്പോയെന്നു ക്രിസ്ത്യാനികൾ പറഞ്ഞാൽ ഇതു് വിശ്വസിക്കുന്നവർ വിശ്വസിക്കയുമില്ല. ഇതുകൊണ്ടൊന്നും മതിയായില്ലെങ്കിൽ ദേവന്മാർ ആകാശത്തുനിന്നു പുഷ്പവൃഷ്ടി ചെയ്കയും ചെയ്യുന്നു. ഇനിയെങ്കിലും വിശ്വസിച്ചുകൂടയോ. ത്രിമൂർത്തികളും ഉണ്ടു്, ത്രിമൂർത്തികളിൽ ഒരാൾ അവതരിക്കയും ചെയ്യുന്നുണ്ടു്, ദേവകൾ ആകാശത്തിൽ നിന്നു പുഷ്പവൃഷ്ടിയും ചെയ്യുന്നുണ്ടു്, [illegible] വരുടെ രാജാവായ ദേവേന്ദ്രൻ ത്രിമൂർത്തികളുടെ കൂടെ വന്നിട്ടും ഉണ്ടു്, ദേവലോകത്തു പുഷ്പങ്ങളും ഉണ്ടു്, ദേവലോകത്തു നിന്നിട്ടുന്ന പുഷ്പങ്ങൾ നേരെ താഴെയുള്ള ഭൂലോകത്തു വന്നുവീഴുന്നതും ഉണ്ടു്. . പരസ്പരവൈരികളായ ജീവികളെല്ലാം ഐക്യം പ്രാപിക്കയും ചെയ്യുന്നുണ്ടു്. ഏതൊരവതാരസമയത്താണു് ഇതിനേക്കാൾ വലിയ അത്ഭുതങ്ങൾ നടന്നിട്ടുള്ളതു്. മാതാവിനെ ഒട്ടുംതന്നെ വേദന അനുഭവിപ്പിക്കാതെയാണു് ബുദ്ധഭഗവാൻ പാർശ്വം പിളന്നു് പുറത്തു വന്നതെങ്കിലും സാദ്ധ്വിയായ മായാദേവി ഏഴാം ദിവസം ഭൂമുഖത്തിൽനിന്നു് മാഞ്ഞുപോകകതന്നെ ചെയ്തതു് ഒരു ചെറിയ നിർഭാഗ്യമാണെങ്കിലും ദിവ്യനായ ശിശു ജീവിച്ചതു് ഭാഗ്യം തന്നെ.

വിശ്വാമിത്രനും വസിഷ്ഠനും ശ്രീരാമന്റെയും ഗർഗ്ഗമുനി ശ്രീകൃഷ്ണന്റെയും മഹാത്മ്യങ്ങൾ ലക്ഷണത്തിൽനിന്നു കണ്ടറിഞ്ഞു പിതാക്കന്മാരോടു പറഞ്ഞ മാതിരിയിൽ തന്നെ സാമുദ്രികാശാസ്ത്രജ്ഞനായ ഒരു ബ്രാഹ്മണൻ വന്നു് ബുദ്ധന്റെ മാഹാത്മ്യത്തെപ്പററി ശുദ്ധോദനനോടു മുന്നറിവു കൊടുക്കുന്നു. ശ്രീരാമനെ ആയുധാഭ്യാസം ചെയ്യിച്ചതു വിശ്വാമിത്രനാണെങ്കിൽ ശ്രീബുദ്ധനെയും വിദ്യാഭ്യാസം ചെയ്യിച്ചതു് ഒരു മിത്രൻതന്നെയാണു്. വിശ്വാമിത്രൻതന്നെയാണെന്നും പറയുന്നുണ്ടു്. വേറൊരു സാമുദ്രികാശാസ്ത്രജ്ഞനായ അസിതൻ എന്ന മുനിവന്നു് ബാലനിൽ സഹസ്രാ[illegible] മുതലായ ലക്ഷണങ്ങൾ കണ്ടു് “ഈ ബാലൻ ഭാവിയിൽ സന്യസിച്ചു് ലോകഗുരുവായി ഭവിക്കുന്നതാണു്” എന്നരുളിച്ചെയ്തിട്ടുണ്ടെന്നുള്ള വാസ്തവം ഇപ്പോഴും ആരെങ്കിലും ആ മഹർഷിയോടു ചോദിച്ചാൽഅറിയാവുന്നതാണു്. ദിവ്യദൃഷ്ടിയുള്ള ആനിബസന്റെ മക്കളും അവരുടെ അനുയായികളായ മഞ്ചേരിപ്രഭൃതികൾക്കും കണ്ടറിയാവുന്നതും ആണു്.

ഗൗതമൻ പത്തൊൻപതാമത്തെ വയസ്സിൽ, താൻ പൂർവ്വജന്മത്തിൽ ഒരു വ്യാഘ്രമായിരുന്നപ്പോൾ മററനവധി വ്യാഘ്രങ്ങളോടു യുദ്ധം ചെയ്തു; ആനിബെസൻറുമദാമ്മയെ അവരുടെ ഒരു പൂർവ്വജന്മത്തിൽ അവർക്കുണ്ടായിരുന്ന ഏഴു ഭർത്താക്കന്മാരിൽ ഏററവും ശക്തനായിരുന്ന ലെഡ്ബിററർ സായ്‌പു കൈക്കലാക്കിയെന്നു ഡോക്ടർ നായർ എഴുതിയ ബുക്കിൽ പറയുമ്പോലെ കയ്ക്കലാക്കപ്പെട്ടിരുന്നാലും, പിന്നീടു ബുദ്ധൻ ഭൂമിയിൽ അവതരിച്ചപ്പോൾ സുപ്രബുദ്ധന്റെ മകളായി വന്നു ജനിച്ചവളായ യശോധരയെ "പൂർവ്വജന്മം പുനഃപുനഃ" എന്ന പ്രമാണം അനുസരിച്ചു മററു കാമുകന്മാരെയെല്ലാം ജയിച്ചു വിവാഹം ചെയ്തു. ശ്രീരാമൻ ജനകന്റെ വില്ലു മുറിച്ചും ശ്രീകൃഷ്ണൻ കടും യുദ്ധം ചെയ്തും, എന്നപോലെ ബുദ്ധന്റെയും വിവാഹം അസാധാരണവും അവതാരസാധാരണവുമായിരുന്നുവെന്നു ഈ ഭാഗം തെളിയിക്കുമല്ലോ.

ഹിന്ദുപുരാണഗ്രന്ഥങ്ങളിലുള്ള കഥാപുരുഷന്മാർ തപസ്സു ചെയ്യുമ്പോഴെല്ലാം പ്രപഞ്ചത്തോടുള്ള അവരുടെ വൈരാഗ്യത്തെ കളയുവാനായി ദേവസ്ത്രീകളെ ദേവന്മാർ അയച്ചു കൃത്താടിക്കുന്നതും ഒടുവിൽ അവർ പരാജിതകളാകുന്നതുംപോലെ സിദ്ധാർത്ഥന്റെയും വൈരാഗ്യം കളയുന്നതിന്നായി അയക്കപ്പെട്ട സുന്ദരികളും ഒടുവിൽ പരാജിതരാക്കപ്പെട്ടിരിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ അദ്ദേഹം ഭാര്യയേയും രാജ്യത്തിനേയും ത്യജിച്ചു വനത്തിലേക്കു പോകുന്നു. നളൻ ദമയന്തിയെ ത്യജിക്കുന്നതും, ശ്രീരാമൻ വനവാസത്തിന്നു പോകുന്നതും, വായനക്കാർക്കു ഈ ഘട്ടത്തിൽ ഓർമ്മ വരുമെന്നു വിശ്വസിക്കുന്നു. ഇതൊന്നും വിശ്വസിക്കാൻ മനസ്സില്ലാത്ത വല്ലവരുമുണ്ടെങ്കിൽ അവർ മഹായാനബുദ്ധന്മാരുടെ അന്ധവിശ്വാസങ്ങളൊന്നും സ്വീകരിക്കാത്ത ഹീനയാനബുദ്ധന്മാരുടെ "ത്രിപിടകം" തുറന്നുനോക്കിയാൽ കിടക്കുന്നതു കാണാം.

പണ്ടു പരമശിവൻ തപസ്സു ചെയ്‌വാൻ പോയി ഹിമാലയസാനുവിൽ താമസിക്കുമ്പോൾ ഒളിയമ്പെയ്തു ബുദ്ധിമുട്ടിച്ച ആ തെമ്മാടി "മാരൻ" തന്നെ സന്യസിച്ചുപോകുന്ന ബുദ്ധനെ വഴിമദ്ധ്യേ തടഞ്ഞുനിർത്തി "സന്യാസവൃത്തിയിൽനിന്നും മനസ്സിനെ പിൻവലിപ്പിക്കുമെങ്കിൽ ഇന്നുമുതൽ ഏഴു ദിവസത്തിനകം

മഹാദ്വീപങ്ങൾ നാലിന്റേയും ചക്രവർത്തിയായി അഭിഷേകം ചെയ്യുന്നതാണെന്നു പറഞ്ഞെങ്കിലും സിദ്ധാർത്ഥൻ കേട്ടില്ലെന്നു ഭാവത്തിൽ പൊയ്ക്കളകയാണുണ്ടായതു്.' ഏഴുദിവസം മാത്രം അവധി പറഞ്ഞിട്ടും കേൾക്കാതെ പോയതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ ത്യാഗത്തിന്റെ ശക്തി രാഗത്തിന്റെ ശക്തിയെ ജയിക്കുന്നതു നോക്കുക. സിദ്ധാർത്ഥൻ അങ്ങിനെ ഒരു ഗുരുവിനെ അന്വേഷിച്ചു് നടക്കവെ സിദ്ധാർത്ഥൻ അറിയാതെ തന്നെ കുതിര, ഭാർഗ്ഗവനെന്ന മഹർഷിയുടെ ആശ്രമത്തിന്റെ മുൻവശത്തു പെട്ടെന്നു നിന്നു. കുതിരയുടെ ക്ഷീണംകൊണ്ടായാലും ജ്ഞാനശക്തികൊണ്ടായാലും സംഗതികൾ ദൈവികമായി ഒത്തുകൂടുന്നതു നോക്കുക. കുതിര അങ്ങിനെ നിന്നതുകണ്ടു് അതു ഒരു ശുഭശകുനമായി കരുതി അദ്ദേഹം കുതിരയേയും തന്നെ അനുഗമിച്ചിരുന്ന ഒരു ഭടനേയും അവിടെവച്ചു പിരിയുന്നു.

സിദ്ധാർത്ഥൻ വാതിൽ തുറന്നു കൊട്ടാരത്തിൽ നിന്നിറങ്ങിപ്പോന്നിട്ടും തുറക്കപ്പെട്ട വാതിലുകൾ പൂർവ്വസ്ഥിതിയിൽ അടക്കപ്പെട്ടതായിട്ടാണത്രെ പിറ്റേദിവസം കണ്ടതു്. പിറ്റേദിവസം പ്രഭാതമായിട്ടും കതകു തുറക്കാതെയിരുന്നതിനാൽ രാജകല്പനപ്രകാരം കതകുകൾ വെട്ടിപ്പൊളിച്ചാണത്രെ മുറി തുറന്നതു്. നോക്കുക അതുതന്നെ ഒരത്ഭുതമല്ലെ? സാധാരണരീതിയിലാണോ സംഭവിച്ചിട്ടുള്ളതു്?

എന്നിട്ടോ ദശരഥനെപ്പോലെ ശുദ്ധോദനൻ പുത്രനെ പിരി [redacted] ദുഃഖത്താൽ കിടന്നു നിലവിളിക്കുന്നു. പക്ഷെ ചാകുന്നില്ല. സുമന്ത്രരും ഭരതനും പൗരന്മാരുംകൂടെ ശ്രീരാമനെ തിരികെ കാട്ടിൽ നിന്നു കൊണ്ടുവരുവാൻ ശ്രമിച്ചതുപോലെ ശാക്യന്മാരുടെ കുലഗുരുവും ഒരു മന്ത്രിയും കൂടെ വനവാസം ചെയ്യുന്ന രാജകുമാരനെ തിരികെ ക്ഷണിക്കുവാൻ പോകുന്നു. എന്നാൽ സിദ്ധാർത്ഥനോ രാമനേപ്പോലെ തന്നെ [redacted] ക്ഷണനത്തെ നിരസിക്കുന്നു. രണ്ടു കഥയും വായിച്ചിട്ടുള്ള കുറെ ഏകദേശം ഒരുപോലെയല്ലയോ എന്നു് പരിശോധിച്ചുനോക്കുക. 'കുലഗുരുവും മന്ത്രിയും, സുമന്ത്രനും [redacted] തനും പോന്നതുപോലെ അത്യന്തദുഃഖത്തോടും ഇച്ഛാഭംഗത്തോടുംകൂടി മടങ്ങിപ്പോന്നു." തന്റെ വനവാസകാലത്തു ശ്രീരാമൻ അനവധി മഹർഷിമാരുടെ ആശ്രമങ്ങളിൽ താമസിപ്പിക്കപ്പെട്ടു

പോലെ [redacted] ഗൗതമനും കൗണ്ഡിന്യകലപുത്രൻ ദശബലകാശ്യപൻ, ബാഷ്പൻ. അശ്വജിത്ത് പുത്രൻ എന്നീ മഹർഷിമാരുടെയും മററുംകൂടെ താമസിക്കുന്നു.

കൊട്ടാരം വിട്ടിറങ്ങി ആറു കൊല്ലത്തിനു ശേഷം സിദ്ധാർത്ഥൻ നൈരഞ്ജനയെന്ന നദിയുടെ തീരത്തു നിന്നിരുന്ന [redacted] ആൽവൃക്ഷത്തിന്റെ ചുവട്ടിൽ ഇരുന്നു ഇരുപത്തെട്ടുദിവസം [redacted] ത്രം പരമാർത്ഥത്തെ ധ്യാനിച്ചുകൊണ്ടിരുന്നു, എന്നിട്ടും പരമാർത്ഥം കണ്ടുകിട്ടിയില്ല. 'ഇരുപത്തൊമ്പതാം ദിവസം രാവിലെ [redacted] സ്ഥലത്തു താമസിച്ചിരുന്ന ബലനെന്ന ഇടയന്റെ മകൾ സുജാത (നന്ദയെന്നും വിശാഖയെന്നും കൂടി പറഞ്ഞുവരുന്നു) എന്ന സ്ത്രീ തന്റെ ഇഷ്ടദേവതയ്ക്കായി പാകംചെയ്ത നൈവേദ്യത്തെ സിദ്ധാർത്ഥനു ദാനം ചെയ്തു. അതു ഭക്ഷിച്ചപ്പോൾ ദിവ്യമായ ഒരു തേജസ്സ് അദ്ദേഹത്തിൽ സൃഷ്ടിച്ചു.' രക്തംകൊഴുപ്പുള്ളവരെ ഉപദ്രവിക്കുന്ന ആ ധിക്കാരി മാരൻ വീണ്ടും ഭക്ഷണം കഴിക്കാത്ത സാധു സിദ്ധാർത്ഥനെ ഉപദ്രവിക്കാൻ വന്നു. അദ്ദേഹ [redacted] മാനസാന്തരപ്പെടുത്താൻ വളരെയൊക്കെ ശ്രമിച്ചുനോക്കിയത്രേ. എങ്കിലും ഇച്ഛാഭംഗത്തോടുകൂടി പിന്തിരിയുകയും ഭിക്ഷു ഗൗതമന്റെ ഹൃദയത്തിൽ ജ്ഞാനം ഉദിക്കയും ചെയ്തുവത്രെ. പായസത്തിന്റെയൊ, ഇഷ്ടദേവതയുടെയും, സുജാതയുടെയും കാമന്റെയൊ, അഥവാ സിദ്ധാർത്ഥന്റെയൊ അദ്ദേഹത്തിന്റെ ചിന്തയുടെയൊ ആരുടെ മാഹാത്മ്യത്താലാണ് ജ്ഞാനം ഉദിച്ചതെന്നു വായനക്കാർ ഊഹിച്ചുകൊള്ളുമല്ലോ. "ആഹാരം [redacted] രീരത്തിനും ശരീരം ജ്ഞാനത്തിനും ആവശ്യമായിരിക്കുന്നു" എന്നുള്ളത് ബുദ്ധമതക്കാരുടെ ഒരു പ്രമാണവുമാണ്.

[redacted] രാത്രി അദ്ദേഹത്തിനു മുജ്ജന്മസ്മരണയും ഉണ്ടായി. 'അപ്പോൾ പൂർവ്വജന്മത്തിൽ പാപം ചെയ്തവർ അനന്തരജന്മത്തിൽ കഷ്ടപ്പെടുന്നതും സൽക്കർമ്മം ചെയ്തവർ സുഖം [redacted] വിക്കുന്നതും തന്റെ ജ്ഞാനചക്ഷുസ്സുകൊണ്ട് ആദ്യമായി അദ്ദേഹം കണ്ടറിഞ്ഞു. ഈശ്വരൻ ഉണ്ടോ ഇല്ലയോ എന്ന സംഗതിയൊഴികെ ബാക്കി സകല ജ്ഞാനങ്ങളും സമ്പാദിച്ച ബുദ്ധൻ പൂർവ്വജന്മവും പുനർജ്ജന്മവും പാപം ചെയ്തവർ കഷ്ട

പ്പെടുന്നതും സൽകർമ്മം ചെയ്യുവർ സുഖം അനുഭവിക്കുന്നതും എത്ര വേഗത്തിൽ കണ്ടുപിടിച്ചു. "പിന്നീടു കാമാദിവികാരങ്ങളോടുകൂടിയവർ ദുഃഖാനുഭവിക്കായി മാത്രം ജനിച്ചു രോഗം വാർദ്ധക്യം മുതലായവയാൽ പീഡിപ്പിക്കപ്പെട്ടു മരിക്കുന്നുവെന്നും അപ്രകാരമുള്ള [redacted] ജനനത്തിൽനിന്നും, ജനനം ഭവത്തിൽ (പ്രാരബ്ധത്തിൽ) നിന്നും ഭവം ഉപാദാനത്തിൽ നിന്നും, ഉപാദാനം തൃഷ്ണയിൽനിന്നും, തൃഷ്ണ വേദനയിൽനിന്നും, വേദന സ്പർശത്തിൽനിന്നും, സ്പർശം ഷഡായതനങ്ങളിൽനിന്നും, ഷഡായതനങ്ങൾ നാമരൂപങ്ങളിൽനിന്നും, നാമരൂപങ്ങൾ വിജ്ഞാനത്തിൽനിന്നും വിജ്ഞാനം സംസ്കാരത്തിൽനിന്നും, സംസ്കാരം അവിദ്യയിൽനിന്നും ഉൽഭവിക്കുന്നു എന്നു കണ്ടുപിടിച്ചു. (അവിദ്യയുടെ ഉൽഭവസ്ഥാനം കണ്ടുപിടിച്ചോ എന്നറിയുന്നില്ല) അതിനാൽ ജനനത്തെ മാററിയാൽ മരണവും ഭവത്തെ മാററിയാൽ ജനനവും, ഉപാദാനത്തെ മാററിയാൽ ഭവവും തൃഷ്ണയെ മാററിയാൽ ഉപാദാനവും, വേദനയെ മാററിയാൽ തൃഷ്ണയും, സ്പർശത്തെ മാററിയാൽ വേദനയും, ഷഡായതനങ്ങളെ മാററിയാൽ സ്പർശവും, നാമരൂപങ്ങളെ മാററിയാൽ ഷഡായതനങ്ങളും; വിജ്ഞാനത്തെ മാററിയാൽ നാമരൂപങ്ങളും സംസ്കാരത്തെ മാററിയാൽ വിജ്ഞാനവും, അവിദ്യയെ മാററിയാൽ സംസ്കാരവും, മാറുമെന്നും ബോധിച്ചു. നോക്കുക ഏതുകമ്പത്തിന്മേൽ കയറിക്കളിച്ചാലും ഒടുവിൽ വേദാന്തികളുടെ അവിദ്യയെ മാററലിൽതന്നെ ബുദ്ധമതവും [redacted] നിൽക്കുന്നു. ഏടും മണ്ണും പാടും ഒന്നുതന്നെ. (തുടരും)

ശ്രീനാരായണമതം.

(തുടർച്ച)

(കെ. കെ. പത്മനാഭൻ, കാളേജ് വിദ്യാർത്ഥി.)

ഒരു മതം

'മതം' എന്ന വാക്കിന്റെ അർത്ഥം അഭിപ്രായം എന്നാകു[redacted] മതത്തിനു അഭിപ്രായമെന്നു് അർത്ഥം ചെയ്യാൽ 'പഞ്ചസാര

മധുരമുള്ളതാകുന്നു’ എന്ന ‘അഭിപ്രായവും മതമായി മാറുന്നു. അതിനാൽ കേവലം അഭിപ്രായം എന്ന പദംകൊണ്ട് മതത്തിനു ആശയവ്യാപകത്വമുള്ള ഒരർത്ഥനിർവ്വചനം ചെയ്കയെന്നുള്ളതു സാദ്ധ്യമല്ല. മതത്തിനു പലരും പല വിവരണങ്ങൾ കൊടുക്കാറുണ്ട്. അവയെല്ലാം പ്രത്യേകം പ്രത്യേകം എടുത്തുപറയണമെന്നു വിചാരിക്കുന്നില്ല. എങ്കിലും കുറഞ്ഞൊന്നു പറയാതിരിക്കുവാനും നിർവ്വാഹമില്ല. ആദ്ധ്യാത്മികാഭിപ്രായങ്ങളെ പൊതുവിൽ മതമെന്നു പറയാവുന്നതാകുന്നു. മനുഷ്യനും ദൈവവും തമ്മിലുള്ള സംബന്ധത്തേയും മനുഷ്യനു ഈശ്വരൈക്യം പ്രാപിക്കുവാനുള്ള മാർഗ്ഗങ്ങളേയും കുറിച്ചു പ്രതിപാദിക്കുന്ന വിഷയമാകുന്നു മതമെന്നു വേറെ ഒരു മഹാൻ പറയുന്നു. നാം എങ്ങനിനുണ്ടായെന്നും, എന്തിനുണ്ടായെന്നും, എങ്ങോട്ടേക്കു പോകേണ്ടവരാണെന്നും മററുമുള്ള അഭിപ്രായങ്ങളെയാണു മതമെന്ന പേരിൽ അറിയപ്പെടുന്നതെന്നു മററു ചിലർ ഘോഷിക്കുന്നു. ഏതായാലും ഏതുമതത്തിലും ജനനം, മരണം; മരണാനന്തരദശകൾ ഇത്യാദികളേയും സത്യം, ധർമ്മം, [illegible] മുതലായ ദൈവികഭരണനിയമങ്ങളേയും സംബന്ധിച്ചു് സവിസ്തരം പ്രസ്താവിക്കപ്പെടുന്നു. അതിനാൽ ആദ്ധ്യാത്മികങ്ങളായ ക്രിസ്തുവിൻെറ അഭിപ്രായങ്ങൾ ക്രിസ്തുമതവും മഹമ്മദിൻെറ അഭിപ്രായങ്ങൾ മഹമ്മദുമതവും ശ്രീമത് ശ്രീനാരായണഗുരുസ്വാമിതൃപ്പാദങ്ങളുടെ അഭിപ്രായങ്ങൾ ശ്രീനാരായണമതവും ആകുന്നു. ക്രിസ്തു, മഹമ്മദ്, ബുദ്ധൻ, ജിനൻ, സോറാസ്റ്റർ, മുതലായവരുടെ പേരുകളോടു സംഘടിച്ചാണു് [illegible] മഹാത്മാക്കളാൽ സ്ഥാപിതങ്ങളായ ഓരോ മതങ്ങളും അറിയപ്പെടുന്നതു്. എന്നാൽ ഹിന്ദുമതം എന്നു കേൾക്കുന്ന മാത്രയിൽതന്നെ അതു് 'ഹിന്ദു' എന്നൊരാളിൻെറ അഭിപ്രായമാകുന്നു എന്നു് ധരിക്കുന്നതു് പരമാർത്ഥത്തിൽ വിരുദ്ധമാകുന്നു. ഹിന്ദു എന്നൊരു മതസ്ഥാപകൻ ഒരിടത്തും ഒരുനാളും ജീവിച്ചിരുന്നില്ല. അതിനാൽ ഹിന്ദുമതനാമത്തിൻെറ ആഗമനം മേൽ പ്രസ്താവിച്ചവയിൽനിന്നും വ്യത്യസ്തമാകുന്നു. ഹിന്ദുമതം എന്ന പേരു് എങ്ങിനെയുണ്ടായി എന്നുള്ളതിനു് പലരും പല അഭിപ്രായങ്ങൾ പറയുന്നുണ്ടു്. അവയിൽ ഒന്നു് താഴെ പ്രസ്താവിക്കുംപോലെയാകുന്നു. ‘ഹിന്ദുമതം ഒരു [illegible] സ്ഥാപകനാൽ മാത്രം സ്ഥാപിതമായതല്ല. പക്ഷെ അതു പലേ

ആചാൎയ്യന്മാരുടേയും വകയാകുന്നു. പുരാതനകാലംമുതല്ക്കുതന്നെ പ്രസ്തുത മതത്തെ ഹിന്ദുസ്ഥാനദേശവാസികൾ അവലംബിച്ചിരുന്നതുകൊണ്ടാണ് അതിനെ ഹിന്ദുമതമെന്നു വിളിക്കുവാൻ കാരണമായതെന്നു ചില ആധുനികന്മാർ ഉച്ചൈസ്തരം ഉൽഘോഷിക്കുന്നു. പ്രസ്തുത മതം ഇപ്പോൾ ഹിന്ദുമതം, ഇന്ദുമതം, ആൎയ്യമതം എന്ന ഇതരനാമങ്ങളാലും അറിയപ്പെടുന്നു.

"പലമതസാരവുമേകമെന്ന" ശ്രീനാരായണഗുരുസ്വാമികളുടെ മതം ശരിയായിത്തീരണമെങ്കിൽ മുൻപറഞ്ഞ മതസ്ഥാപകന്മാരുടെ മതാഭിപ്രായങ്ങളെല്ലാം ഒരുപോലെതന്നെയിരിക്കേണ്ടതായിരുന്നു. എന്നാൽ ക്രിസ്തുവിന്റേയും കൃഷ്ണന്റേയും മഹമ്മദിന്റേയും മററു പലേ മതസ്ഥാപകന്മാരുടേയും അഭിപ്രായങ്ങൾ സാരതരമായ വിധം വ്യത്യസ്തങ്ങളായിരിക്കെ, എല്ലാ മതത്തിന്റേയും സാരം ഒരുപോലെ ഇരിക്കുന്നതെങ്ങിനെ എന്നൊരു സംശയം സാധാരണ ജനങ്ങളുടെയിടയിൽ ഉണ്ടാകാവുന്നതാണ്. ബോധാതീതാവസ്ഥയെ പ്രാപിച്ചിട്ടുള്ള ആ മഹാന്റെ ചിത്തസിന്ധുവിൽനിന്ന് സംഭൂതങ്ങളായിട്ടുള്ള ചിന്താരത്നങ്ങൾക്കു കാലം ചെല്ലുന്തോറും വില കൂടിവരികയല്ലാതെ ഇടിഞ്ഞുപോകയില്ല നിശ്ചയം.

ഇനി ആ മഹാചിന്തകന്റെ "പലമതസാരവുമേകമെന്ന" അഭിപ്രായം എങ്ങിനെയാണ് സാധുവാകുന്നതെന്ന് നമുക്കു ആലോചിച്ചുനോക്കാം. മതസ്ഥാപകന്മാർ എല്ലാപേരുടേയും ചിന്താവിഷയം ഒന്നുതന്നെയാകുന്നു. അവരുടെ ഒക്കെയും അഭിപ്രായങ്ങൾ പരമാർത്ഥങ്ങളായിട്ടുള്ളവയാണെങ്കിൽ അവയെല്ലാം അന്യോന്യം വ്യത്യാസം കൂടാതെയിരിക്കേണ്ടതായിരുന്നു. എന്തെന്നാൽ ഏതെങ്കിലും ഒന്നിനെ കുറിച്ചുള്ള സത്യാവസ്ഥ ഒരു പ്രകാരത്തിലല്ലാതെ പലപ്രകാരത്തിലായിരിക്കുവാൻ തരമില്ല. നാലും മൂന്നും, എത്രയാണെന്നാലോചിക്കുന്ന എല്ലാപേൎക്കും ശരിയായ ഉത്തരം ഏഴെന്നല്ലാതെ ഒരാൾക്കു അഞ്ചെന്നും മററൊരാൾക്കു ആറെന്നും കിട്ടുവാൻ പാടില്ല. അതുപോലെതന്നെയാണ് മതവിഷയത്തിൽ മതസ്ഥാപകന്മാൎക്കു തെററു വന്നുകൂടായെന്നു ഇവിടെ വാദിക്കുന്നത്. മരണാനന്തരദശയെ സംബന്ധിച്ചുള്ള ക്രിസ്തുവിന്റേയും കൃഷ്ണന്റേയും അഭിപ്രായങ്ങളെ നോക്കുക. മരിച്ചുകഴിഞ്ഞാൽ ജനിക്കുകയില്ലെന്നു ക്രിസ്തു പറയുന്നു. അതല്ല, മരിച്ചു

കഴിഞ്ഞാൽ ജീവന്മുക്തിവരെ ജനനമരണങ്ങൾ തുടരെത്തുടരെ സംഭവിച്ചുകൊണ്ടിരിക്കുമെന്നു കൃഷ്ണനും പറയുന്നു. [redacted] അഭിപ്രായങ്ങൾ നാലും മൂന്നും അഞ്ചെന്നും ഏഴെന്നും പറയുമ്പോലെ വ്യത്യാസമുള്ളതും എന്തെങ്കിലും ഒന്നുമാത്രം ശരിയായിട്ടുള്ളതുമായിരിക്കാം. രണ്ടുംകൂടി ശരിയാകണമെന്നുണ്ടെങ്കിൽ ക്രിസ്തുവിൻെറ സൃഷ്ടിസ്ഥിതിസംഹാരങ്ങളിലുൾപ്പെട്ട ജീവജാലങ്ങൾ മാത്രം മരിച്ചുകഴിഞ്ഞാൽ ജനിക്കാതിരിക്കയും [illegible] കൃഷ്ണൻെറ സൃഷ്ടിജാലങ്ങൾ മാത്രം മരിച്ചുകഴിഞ്ഞാൽ ജനനമരണങ്ങൾ വീണ്ടും ഉള്ളതായുമിരിക്കണം. ഈശ്വരന്മാർ വെവ്വേറെയായിരിക്കുമ്പോൾ [redacted] സൃഷ്ടികളുടെ മരണാനന്തരദശകളും വ്യത്യസ്തങ്ങളാണെന്നു വാദിക്കുവാൻ ഒരു ന്യായമുണ്ട്. പക്ഷെ വേറെ ഒരു [redacted]രു വന്നുചേരുന്നു. കൗമാരം, ബാല്യം, യൗവനം, വാർദ്ധക്യം എന്നീ നാലു ദശകളാണ് ജനനംമുതൽ മരണംവരെ ഏതുമതത്തിലുംപ്പെട്ട മനുഷ്യർക്കുമുള്ളത്. ഒരു മഹമ്മദനും, ക്രൈസ്തവനും, ഹൈന്ദവനും [redacted] നാലവസ്ഥകളും ഒരുപോലെ ബാധിക്കുന്നു. അവർ സർവ്വരുടേയും ആഭ്യന്തരവും ബാഹ്യവുമായ സർവ്വവിധ അവസ്ഥകൾക്കും അതാതു ദശാഭേദങ്ങൾ അനുസരിച്ച് [redacted]നുയോജ്യങ്ങളായ പ്രകാരഭേദങ്ങളും വന്നുകൂടുന്നു. വൃദ്ധനായ [redacted] ഹിന്ദുവിനും മഹമ്മദീയനും ക്രിസ്ത്യാനിക്കും ഭേദമെന്നിയേ ചുമയും നരയും ഉണ്ടാകുന്നു. എല്ലാപേർക്കും ക്ഷീണവും മററും ബാധിക്കുകയും ചെയ്യുന്നു. ഇങ്ങിനെ ഏതു മതസ്ഥനായാലും നമ്മളുടെ അനുഭവത്തിലുൾപ്പെട്ട അവരുടെ മരണംവരെയുള്ള അവസ്ഥകളിൽ യാതൊരു ഭേദവുമില്ലെന്നു വന്നാൽ മരിച്ചുകഴിയുമ്പോൾ [redacted]ത്രം അവർക്കു വ്യത്യസ്താവസ്ഥകൾ ഉണ്ടാകുമെന്നു പറയുന്നതിൽ എങ്ങിനെ വിശ്വാസം ജനിക്കും? മരിച്ചുകഴിഞ്ഞാൽ ക്രിസ്ത്യാനിയും മഹമ്മദീയനും ജനിക്കുകയില്ല. ഹിന്ദുവായ ഒരുവൻ [redacted]ത്രം ജനിക്കുന്നു. ഇതിനെക്കുറിച്ചു ചിന്തിക്കുമ്പോൾ വലിയ നേരംപോക്കു തോന്നിപ്പോകുന്നു. ക്രിസ്തുവിൻേറയും കൃഷ്ണൻേറയും സൃഷ്ടികളുടെ ജീവിതകാലത്തിൽ തന്നെ അവർ സാരമായ അവസ്ഥാഭേദങ്ങളുള്ളവരായിരുന്നെങ്കിൽ മരിച്ചുകഴിഞ്ഞും ഇങ്ങനെയു [redacted] വ്യത്യാസങ്ങൾ അവർക്കുണ്ടാകുമെന്ന് വിശ്വസിക്കുവാൻ കാരണമുണ്ട്. പക്ഷെ അനുഭവത്തിൽ ജനനം മുതൽ മരണംവരെ

ഒരു മതക്കാൎക്കും വ്യത്യാസങ്ങൾ ഒന്നും ബാധിച്ചു കാണായ്കയാൽ മരിച്ചുകഴിഞ്ഞിട്ടും അവൎക്ക് അവസ്ഥാഭേദങ്ങൾ ഉണ്ടെന്നുവിചാരിക്കുവാൻ അവകാശമില്ല. അതിനാൽ മരിച്ചുകഴിഞ്ഞാൽ എല്ലാ മതക്കാൎക്കും ഒരുപോലെ പുനർജ്ജന്മമോ അല്ലെങ്കിൽ ആൎക്കും [redacted] ന്നെ ജന്മമില്ലായ്മയോ ആയിരിക്കുന്നേ തരമുള്ളൂ.

ഒരു യാത്രഅയപ്പ്.

വെള്ളിമാമല കാത്തുവാണരുളും എന്ന മട്ടിലുള്ള പഴയ പുലവൃത്തത്തിന്റെ മട്ടിൽ രചിച്ചിട്ടുള്ള താഴെചേൎത്തിരിക്കുന്ന പാട്ട് ബഹുമാനപ്പെട്ട കൃഷ്ണൻനായർ ദിവാൻജിഅവർകൾ ഉദ്യോഗമൊഴിഞ്ഞു പോകുന്ന സന്ദർഭത്തിൽ അസംബ്ലിമെമ്പർ മി. [redacted] റമ്പൻ ദൈവത്താന്റെ അപേക്ഷാനുസരണം രചിച്ചതും ചെങ്ങന്നൂർ ഹൈസ്കൂളിൽകൂടിയ പൊതുജനമീററിംഗിൽ സുകണ്ഠന്മാ [redacted] ഏതാനും പുലയക്കുമാരന്മാർ പാടിയതും ദിവാൻജിയവർകളേയും മഹാകവി ഉള്ളൂർ മുതലായ പണ്ഡിതസദസ്യരേയും ആനന്ദബാഷ്പാകുലന്മാരാക്കിത്തീർത്തതുമാകുന്നു,

(സരസകവി മൂലൂർ എസ്. പത്മനാഭപ്പണിക്കർ)

൧. കമ്രമാം കളഹംസമേറിടും ദേവിതൻകൈയിൽ
ശർമ്മമോടമരുന്ന തത്തമ്മേ!

൨. നർമ്മമോടമൃതാക്ഷരാളി തൂകിക്കാണെന്മാറുള്ളൊരു
നിൻമുഖത്തിനു താന്തിയെന്തയ്യോ?

൩. ധർമ്മജലനിധി 'മൂല'ഭൂപാലൻ നാടുവാഴുമ്പോൾ
ശർമ്മഹാനി ഭവിച്ചിടാറുണ്ടോ?

൪. അമ്മ ശാരദയാൾക്കുനാടെങ്ങും രമ്യഗേഹങ്ങൾ
ധർമ്മശാലി ചമച്ചിടുന്നല്ലൊ

൫. പിന്നെയെങ്ങിനെ വന്നു സാമ്പ്രതമെന്തതയാൾക്കേ
ഖിന്നഭാവ,മുരച്ചു കേൾക്കേണം. (വം

൬. ജന്മതെല്ലിഹ കേട്ടവൃത്താന്തം, മമ്മഭിന്തായതു

തന്നെയൊരവ അന്തിതന്മ്യലും?

൧. തങ്ങളിള്ളളുകേൾക്കയെല്ലുമൊന്നെ സോദരക്കണ്ണുമിങ്ങനെ
വിസ്തരിച്ചു കാണിച്ചു ഭയവശനി

൨. വഞ്ചിവാസവ സമ്പ്രിയ കലാചന്ദ്രൻ ശ്രീകൃഷ്ണനായക
തഞ്ചിതാംഗനതീവശിതഭോഷജൻ

൩. വഞ്ചിനാട്ടു വെടിഞ്ഞുപോകുന്നുപാവനൻ, ചോരക,
'കഞ്ചുകച്ചേരി' വെടിയുന്നു [illegible] പോലെ

൧൦. ഭേക്ഷകേരളത്തിൽ പോകയാലുഴലും പക്ഷികൾ പോലെ
രാജ്യമുഴുവിൽ മുങ്ങവോളം തെങ്ങൾ

൧൧. പോരുമെങ്കിലും പാർഷികരും, [illegible]
നിന്നെപ്പോലെ വരുന്നതെന്നെ കൃപയാൽ

൧൨. സ്കൂളിലെങ്ങുമുള്ള ബാലകന്മാർ പുലയബാലന്മാർ
തോളുകൾ ചേർത്തു തൊട്ടിരിക്കുന്നു,

൧൩. സ്വാതന്ത്ര്യംവിളിപ്പിച്ച [illegible] പുല
ബാലകർക്കു മറയ്ക്കപ്പെട്ടുപോയ്,

൧൪. ചന്ത തെരുവുകൾ, വഴികളെന്നല്ല, സർവ്വത്ര സ്വതന്ത്ര
മനസ്സ്! നിർഭയയാത്ര ചെയ്യുന്നു,

൧൫. പുള്ളുവർ ഭൃത്യർ [illegible] പുലയന്മാർക്കൊക്കെക്കൊക്കെ
പതിതോദ്ധാരനം പതിച്ചു തരുന്നു

൧൬. ഏതുമന്ത്യജരാമർജിതൻ കൃപയാൽ ശേഷമുണ്ടായി,
പൂതമാനസനാകമല്ലേ(?)

൧൭. പോവതിൽ പരിതാപമർക്കില്ലം, പരിമളം വീശിയ
പുഷ്പവൃക്ഷങ്ങൾ വാടിയതൊന്നോ?

൧൮. വഞ്ചിമേദിനിയായ തോട്ടത്തിൽ പൂന്തെന്നൽ! നീ
പഞ്ചമനുമെന്നെ പുഷ്പമായോ

൧൯. നിന്റെ വാസനാമാധുര്യം മറ്റും നിർഭേദമാക്കി
നിന്റെയെല്ലാമമേശിസൗരഭ്യം.

൨൦. ധന്യമാക്കിടേണമേ [illegible] അപ്പൂവേ! പുലയർ [illegible]
നിന്നെ നിത്യമനുസ്മരിച്ചിട്ടും

൨൧. നിന്നെ വാട്ടുകയില്ലുഷ്ണവായുവും, ദീർഘകാലം നീ
ധന്യമാകട്ടെ തോട്ടത്തിൽ വിലസേണം.

മംഗളം

മതിൽക്കകമണഞ്ഞിട്ടാൻ വരുവാനവരൊടായെന്നവ്യ—
ന്നതക്ഷേത്രങ്ങളിക്കയറ്റാരത്താൽ കപോലസ്ഥലം
ശതപ്പടിയുണ്ടെത്തുപോൽ കൊട്ടതെന്തേ ശ്രീമതൽ
സുതപ്രാപിതദേവ,ലോകനാമാർഗ്ഗത്തിന്നു മംഗളം॥

ചരമം.

ഡാ. കെ. മാധവനായ വീരനുതനെപ്പറ്റിഴവന്നോർത്തീകൾ—
ക്കാക്കെഴുസ്സംപ്രതിപാരിതാർത്ഥ്യമതുള്ളം ശ്രീ കോമളേഴാലയേ!
നാകത്തേക്ക മടങ്ങിനാൻ ഭാരതീയനാകർണ്ണനം ചെയ്കയാൽ
ശോകാന്ധൻ പരലോകമാവൃകവ്വഷസ്സംബായുള്ളൊ ചൊല്ലുന്നതൊൻ.

(മൂലൂർ, എസ്സ്. പത്മനാഭപ്പണിക്കർ)

മതദ്വേഷത്തിന്റെ കാരണങ്ങൾ.

(എ. ഡി. ഹരിശർമ്മാ)

"നേല്ല മരത്തിൽ ഇത്തിക്കണ്ണി" എന്നതുപോലെയാണ് മതാചാരങ്ങളിൽ അന്ധവിശ്വാസം കടന്നുകൂടുന്നത്. ഹിന്ദുമതം അന്ധവിശ്വാസത്തിന്റെ ഇരിപ്പിടമാണെന്നു പലരും പറഞ്ഞുവരുന്നു. ഹിന്ദുമതം മാത്രമല്ല ലോകത്തിലെ മിക്ക മതങ്ങളും അന്ധവിശ്വാസത്തിന്മേലാണു അടിയുറച്ചു നില്ക്കുന്നതെന്നു വാദിക്കുന്നവരുടെ സംഖ്യയും ചില്ലറയല്ല. ശാസ്ത്രജ്ഞാനം അഭിവൃദ്ധിയെ പ്രാപിച്ചുതുടങ്ങിയതോടുകൂടിയാണു മതത്തിനു ഈ 'ശനിദശ' തുടങ്ങിയത്. അതിനുമുമ്പു പൂർവികന്മാരും പോരെങ്കിൽ വൈദികന്മാരും പറയുകയും വിശ്വസിച്ചുപോരുകയും ചെയ്തതനുസരിച്ചു

അനന്തരഗാമികളും ചെയ്തുപോരികയായിരുന്ന പതിവു്. യുക്തിക്കും അനുഭവത്തിനും, പ്രാമാണ്യവും പ്രാധാന്യവും കല്പിക്കുന്ന സൈൻസ്, ഈ നിലയെ അടിയോടെ തകർത്തുകളഞ്ഞു. [redacted] തോടുകൂടി മതവിശ്വാസം അധഃപതിക്കാനും തുടങ്ങി. [redacted] ധഃപതനം ഇന്നു് 'മതം തന്നെ വേണമോ?' എന്ന സംശയഘട്ടം വരെ എത്തിയിരിക്കുന്നു. ഇനിയും അതിന്റെ മുന്നോട്ടേയ്ക്കുള്ള കുതിച്ചുചാട്ടം എവിടെച്ചെന്നു നിലയ്ക്കുമെന്നു നിശ്ചയിക്കാറായിട്ടില്ല.

[redacted] ആളുകൾ ഇത്രമാത്രം ദ്വേഷിക്കാൻ എന്തായിരിക്കാം കാരണം? അതു വിശ്വാസവൈപരീത്യം കൊണ്ടായിരിക്കുമെന്നു വിചാരിക്കാൻ ന്യായം കാണുന്നില്ല. ആർക്കും ഇതേവരെ യാതൊ [redacted] സ്വരൂപജ്ഞാനവും ഉണ്ടായിക്കഴിഞ്ഞിട്ടില്ലാത്ത പരലോകത്തെ സംബന്ധിക്കുന്ന കാര്യങ്ങളേക്കാൾ നിത്യാനുഭവത്തിലിരിക്കുന്ന ഐഹികവിഷയങ്ങളാണു ആളുകളെ അധികം ആകർഷിക്കുന്നതു്. ജനസംഖ്യയുടെ ബാഹുല്യം കൊണ്ടോ തൊഴിലില്ലായ്മയുടെ വൈപുല്യംകൊണ്ടോ എന്തുകൊണ്ടായാലും ജീവിതമത്സരം [redacted] ത്തിൽ വർദ്ധിച്ചുകൊണ്ടു വരുന്നതായിട്ടാണു കാണപ്പെടുന്നതു്. [redacted] സമരത്തിൽ തങ്ങളുടെ വിജയത്തിനു പ്രതിബന്ധമായി നില്ക്കുന്നതിനോടെല്ലാം എതിർത്തു അതിനെ അടിപ്പെടുത്തുവാൻ ശ്രമിക്കുന്നതു മനുഷ്യസഹജമായ [redacted] പ്രവൃത്തി മാത്രമാണു്. [redacted] കാര്യത്തിൽ ഒരാളെ കുററപ്പെടുത്താനില്ല. [redacted] സ്വാർത്ഥസമ്പാദനസംരംഭത്തിൽ പ്രതിപക്ഷബഹുമാനവും മററും അല്പം കുറഞ്ഞു എന്നു വന്നേക്കാം. ഇത്തരത്തിലുള്ള ഒരു ബഹളമാണു് [redacted] കേരളത്തിലെങ്ങും മാറെറാലിക്കൊള്ളുന്നതു്.

വിദ്യാവിഹീനതകൊണ്ടായാലും കൊള്ളാം, വൃത്തിഹീനത കൊണ്ടായാലും കൊള്ളാം, ചില സമുദായക്കാർ [redacted] അടുത്ത കാലം വരെ അധഃകൃതരായിട്ടാണു കഴിഞ്ഞുകൂടിയിരുന്നതു്. ലോകപരിചയവും വിദ്യാസമ്പത്തും വർദ്ധിച്ചതോടുകൂടി, അവർ കണ്ണു തുറന്നു, തങ്ങളുടെ ശോചനീയസ്ഥിതിയെ നല്ലപോലെ മനസ്സിലാക്കി പുരോഗതിക്കുവേണ്ടി യഥാശക്തി ശ്രമിച്ചുതുടങ്ങി. മുന്നണിയിൽ കടന്നു, പണ്ടുതന്നെ സ്ഥലമുറപ്പിച്ചിരുന്ന കൂട്ടർ, പിന്നിൽ നിന്നു [redacted] 'ഉന്തും തള്ളും' തീരെ പിടിച്ചില്ല. ഇരുകൂട്ടരും ബലാബലം

പരീക്ഷിച്ചുതുടങ്ങി; വാക്തർക്കമായി; വാദപ്രതിവാദമായി; ലഹളയായി; വഴക്കായി.

വാസ്തവത്തിൽ ഇവിടെ അധഃകൃതർ എന്തൊരു കുറ്റമാണു ചെയ്തതു്? മറ്റുള്ളവരെപ്പോലെ ജീവിതസമരത്തിൽ പങ്കുകൊണ്ടു എന്നുള്ളതു ഒരു കുറ്റമാണോ? ഈ വക ന്യായവാദങ്ങളൊന്നും മുന്നണിയിൽ അടിയുറപ്പിച്ചിരുന്ന ഉയർന്ന ജാതിക്കാരോടു് ഫലിച്ചില്ല. ശ്രുതിയും സ്മൃതിയുമാകുന്ന ബലവത്തരങ്ങളായ ആയുധങ്ങളും കൊണ്ടായിരുന്നു [redacted] പുറപ്പാടു്. പക്ഷെ, ആ പഴയ തുരുമ്പുപിടിച്ച ആയുധങ്ങളെ [redacted] പീരങ്കികൾ പുത്തനായി കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടെന്നുള്ള കാര്യം അവർ അറിഞ്ഞിരുന്നില്ല. അഥവാ, അതെന്തിനു്? അവർ ധരിച്ചിരുന്ന ആയുധങ്ങൾ തന്നെ ചിലപ്പോൾ ലാക്കുതെറ്റി [redacted] നെഞ്ചത്തുതന്നെ കുത്തിക്കയറി അപായം വരുത്തുവാൻ മതിയായവയായിരുന്നു. ഇങ്ങിനെ എല്ലാം കൊണ്ടും അവരുടെ നില അപായകരമായിരുന്നു. പക്ഷെ, വിട്ടുമാടുക്കിനു ശക്തിക്കുറവല്ലോ. ഉയർന്നവർ ചില നല്ല സ്ഥാനങ്ങൾ പണ്ടുതന്നെ കൈവശപ്പെടുത്തി അണിയുറപ്പിച്ചിരുന്നതുകൊണ്ടു അധഃകൃതർക്കു ആവഴിക്കു വലിയ ജയം സിദ്ധിച്ചില്ല. ഇത്രയുമായപ്പോൾ അധഃകൃതർക്കു മറ്റു ഉപായങ്ങൾ ആലോചിക്കാതിരിക്കാൻ നിവൃത്തിയില്ലന്നായി. [redacted] വർ അതിനു തുനിയുകയും ചെയ്തു.

ഇതിനു് അവർ കണ്ടുപിടിച്ച ഉപായമാണു മതാന്തരിവർത്തനപ്രസ്ഥാനം. ഒരാൾ സ്വന്തം [redacted] ഉപേക്ഷിച്ചു മറ്റൊരു [redacted] ത്തിലേക്കു് യാത്രയാകുമ്പോൾ "നിങ്ങൾ എന്തുകൊണ്ടാണു് ആ [redacted] ഉപേക്ഷിച്ചതു്?" എന്നുള്ള ഒരു ചോദ്യത്തിനു് ഉത്തരം പറയാൻ തയാറാകേണ്ടിവരുന്നു. മതം നന്നായിരുന്നെങ്കിൽ ഉപേക്ഷിക്കയില്ലായിരുന്നല്ലോ. എന്നാൽ ചില മുന്നണിക്കാരുടെ [redacted] ല്യം നിമിത്തം അതുപേക്ഷിക്കേണ്ടിവരികയും ചെയ്തു. പിന്നെ എന്താണൊരു കാരണം പറയേണ്ടതു്? [redacted] അവസരത്തിലാണു് മാനസാന്തരപ്പെട്ടവൻ ഹിന്ദുമതത്തിന്റെ കുറ്റങ്ങളേയും കുറവുകളേയും കണ്ടുപിടിക്കാൻ ശ്രമിക്കുന്നതു്. കുറവും കുറവും കണ്ടുപിടിക്കാനാണോ പ്രയാസം? 'ഇഷ്ടമില്ലാത്തച്ചി തൊട്ടതെല്ലാം കുറ്റം' എന്നാണല്ലൊ പ്രമാണം. ചുരുക്കിപ്പറഞ്ഞാൽ [redacted]

ഇന്നലെവരെ വിശ്വസിച്ചിരുന്ന ഹിന്ദുമതം—ചില മനുഷ്യരുടെ അസഹ്യവും നിർദ്ദയവുമായ ഉപദ്രവം നിമിത്തം ഉപേക്ഷിക്കേണ്ടിവന്ന ആ ഹിന്ദുമതം—അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും മുഴുകിയതിനാൽ ഇങ്ങിനെ ജീവിതസൗകര്യത്തിനു വേണ്ടി അഹിന്ദുക്കളായിത്തീർന്ന ഹിന്ദുക്കളുടെ സംഖ്യ വർദ്ധിക്കുന്നതോടുകൂടി ഹിന്ദുമതത്തിന്നെതിരായിട്ടുള്ള അവരുടെ പ്രവൃത്തികൾക്കു ശക്തിയും വർദ്ധിച്ചുവരുന്നു.

സ്വന്തം മതാനുയായികൾ തന്നെയാണ് മതത്തിന്റെ പ്രധാനശത്രുക്കൾ എന്നു പറയുന്നതിൽ തെറ്റില്ല. ഹിന്ദുമതത്തെ വെറുപ്പിക്കുന്ന, മതത്തിന്റെ ചില കക്ഷികൾ തന്നെയാണ് അതിന്റെ പരമവൈരികൾ. ഇന്നു ജാതിയും മതവും ഇല്ലാതാക്കുന്നതിന്നു വേണ്ടി ശ്രമിക്കുന്ന ഒരു വലിയ സമാജമാണ് സഹോദരസംഘമെന്നുള്ളതല്ലോ. അതിന്റെ സ്ഥാപകനായ ശ്രീമാൻ കെ. അയ്യപ്പൻ അവർകൾ ബി. എ. എന്റെ സ്വദേശിയും ഉറ്റ സ്നേഹിതനുമാണ്. തീണ്ടൽ തൊടീൽ മുതലായ അനാചാരങ്ങൾ നിമിത്തം ഈഴവസമുദായത്തിനു നേരിടുന്ന അസൗകര്യങ്ങളെ പരിഹരിക്കാനായിട്ടാണ് ആ സ്നേഹിതൻ ആദ്യം ശ്രമിച്ചുതുടങ്ങിയതു്. പക്ഷെ, ഉന്നതവർണ്ണനാമധാരികളുടെ ഫലമോ അന്ന് ആ സമുദായസ്നേഹിയെ വെറുക്കുകയും വെറുപ്പിക്കുകയുമാണ് ചെയ്തതു്. ഈ വെറുപ്പിന്റെ ഫലമായി മിശ്രഭോജനത്തോടുകൂടി സഹോദരസംഘം ഉൽഭവിച്ചു. അന്നും മതത്തെ നശിപ്പിക്കണമെന്ന് അദ്ദേഹം എഴുതുകയോ പ്രസംഗിക്കുകയോ ചെയ്തിരുന്നില്ല. ഹിന്ദുമതത്തിൽ നിന്നുകൊണ്ടുതന്നെ ഹിന്ദുമതത്തെ പരിഷ്കരിച്ച് അധഃകൃതരെ ഉദ്ധരിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശം. സംസ്കൃതശ്ലോകങ്ങളെ ഉദ്ധരിച്ചു പഠിപ്പുവച്ചിട്ടുള്ള ചില കൂട്ടർക്ക് ഇതും സമ്മതമായില്ല. ഇങ്ങനെ വളരെക്കാലത്തെ ശ്രമിച്ചിട്ടും അതൊന്നും ഫലിച്ചും ഉണ്ടാകുന്നില്ലെന്നു കണ്ടതിനു ശേഷമാണ് മി. അയ്യപ്പൻ മതത്തെ ഉപേക്ഷിക്കേണമെന്നായിട്ടുള്ളൂ. ഏതു കാരണം കൊണ്ടായാലും മതത്തെ ഉപേക്ഷിച്ചാൽ പിന്നെ, അതിനെ കഴിയുന്നതും നിന്ദ്യമാക്കിത്തീർക്കാൻ ശ്രമിക്കുക എന്നതു് അസാധാരണമല്ല. അതനുസരിച്ചു മി. അയ്യപ്പനും കൂട്ടരും

ഇന്ന് ഹിന്ദുമതത്തെ [illegible] കഠിനം [illegible] എനിക്കെന്തു [illegible], അദ്ദേഹം ഇത്ര കഠിന [illegible] ഹിന്ദു [illegible] എത്രയെന്ന [illegible] പൂർണ്ണമായിട്ടറി[illegible] [illegible] അൽഭുതപ്പെടേണ്ടതില്ല.

[illegible] ആദ്യമതത്തിന്റെ മി. അയ്യപ്പൻ പറയുന്ന ദോഷ [illegible] ചില അനാചാരങ്ങളൊക്കെ [illegible] [illegible] അവയെ [illegible], [illegible] പരിഷ്കാരികളെന്നു സ്വമതാഭിമാനികളും [illegible] ഇന്ന്—അതേ ഇതുവരെ മാത്രം—ചിലർ മി. അയ്യപ്പനോട് [illegible] ഉണ്ട്. [illegible] മി. അയ്യപ്പൻ ഈ മതത്തെ [illegible] മതവിഷയത്തിൽ മി. അയ്യപ്പനേക്കാൾ [illegible] ശ്രീമാൻ [illegible] മി. തമ്പുരാന്റെ [illegible] ഉം [illegible] [illegible] സ്വാമി [illegible] ഒരു മതം [illegible] വരുന്ന കാലത്ത് [illegible] [illegible] ഒന്നുമല്ല [illegible]. [illegible] നടപ്പിലിരിക്കുന്ന മതത്തെയാണ് എന്നോപ്പോ [illegible] കടലാസ്സിലെ [illegible]", ഇതാണ് വാസ്തവം. ഇതാണ് ഇന്നത്തെ [illegible] യഥാർത്ഥ കാരണം.

സാമുദായിക [illegible] തൻമൂലം സാമ്പത്തികമായും അധഃകൃതർ അനുഭവിക്കുന്ന [illegible] കഷ്ടതകളേയും, ഹിന്ദുമത [illegible] ക്കൂട്ടർ ഈ അധഃകൃതരെ എ

[illegible] അധഃകൃതരായിത്തന്നെ വെച്ചുകൊണ്ടിരിക്കാൻ കരുതിക്കൂട്ടി ചെയ്യുന്ന ശ്രമങ്ങളേയും കണ്ടതുകൊണ്ടുണ്ടായ വൈരാഗ്യം നിമിത്തം, ഈവക അനർത്ഥങ്ങൾക്കെല്ലാം കാരണഭൂതമായ ജാതിയേയും മതത്തേയും കഠിനകഠിനം എതിർക്കുക മാത്രമേ മി. അയ്യപ്പൻ ചെയ്യുന്നുള്ളൂ എന്നും അല്ലാതെ ജാതിമതാദികളെ കൂടാതെ കഴിക്കാമെന്നോ കഴിക്കണമെന്നോ ഹൃദയപൂർവ്വം അദ്ദേഹം മോഹിക്കുന്നില്ലെന്നും ഉള്ളതു് സ്പഷ്ടമാണ്. അതു തെളിയിക്കാൻ പ്രയാസവുമില്ല. ജാതിയെ നശിപ്പിക്കണമെന്നാണല്ലോ അദ്ദേഹം എപ്പോഴും ഘോഷിക്കുന്നതു്. മേൽകാണിച്ചതുപോലെ വെറും വൈരാഗ്യം കൊണ്ടല്ല, ഹൃദയപൂർവ്വമായിട്ടാണ് അദ്ദേഹം ഇതു പറയുന്നതെങ്കിൽ ഈഴവ‘‘ജാതി’’ക്കാരുടെ പ്രാതിനിദ്ധ്യം വഹിച്ചു അദ്ദേഹം കൊച്ചി നിയമസഭയിൽ പ്രവേശിക്കുമായിരുന്നുവോ? നിയമസഭാസമ്മേളനങ്ങളിൽ മി. അയ്യപ്പൻ ഈഴവരുടെ [illegible]ങ്ങളെപ്പററി ശക്തിയായി തുടരെത്തുടരെ വാദിച്ചുകൊണ്ടിരിക്കുന്നതിൽ നിന്നു് എന്താണ് മനസ്സിലാക്കേണ്ടതു്? എസ്. എൻ. ഡി. പി. യോഗവും ധർമ്മസംഘവും തമ്മിലുള്ള വഴക്കിനെപ്പററി പറയുമ്പോൾ സന്യാസിമാരിൽപോലും ജാതിഭേദം കല്പിച്ചു [illegible]ഹം ജാതിവിചാരത്തിൽനിന്നു ബാഹ്യനാണെന്നു എങ്ങിനെയാണ് വിചാരിക്കേണ്ടതു്? ഇതുപോലെ ഇനിയും തെളിവുകൾ എത്രയെത്ര?

ഇനിയൊന്നുള്ളതു മതമാണല്ലോ. ലോകത്തിൽ മനുഷ്യക്കു മതംതന്നെ ആവശ്യമില്ലെന്നാണ് മി. അയ്യപ്പൻ ഇയ്യിടെ പറഞ്ഞുതുടങ്ങീട്ടുള്ളതെങ്കിലും അതും മേൽ പറഞ്ഞതുപോലെ ‘ഇത്തിക്കണ്ണി പിടിച്ച ഹിന്ദുമത’ത്തോടുള്ള വെറുപ്പുകൊണ്ടുമാത്രമാണെന്നു തെളിയിക്കാൻ പ്രയാസമില്ല. ഇതിനെ സംബന്ധിച്ചു ഞങ്ങൾ തമ്മിൽ നടന്നിട്ടുള്ള സംഭാഷണത്തിൽ നിന്നു ഞാൻ മനസ്സിലാക്കീട്ടുള്ളതു്, മനുഷ്യർ സത്യം, ധർമ്മം മുതലായ സൽഗുണങ്ങളെ ശീലിക്കേണ്ടതു അത്യാവശ്യമാണെന്നുള്ള അഭിപ്രായം അദ്ദേഹത്തിനുണ്ടെന്നാണ്. വാസ്തവത്തിൽ മതത്തിന്റെ—ഒരു മതത്തിന്റെ അല്ല എല്ലാ മതങ്ങളുടെയും—ഉദ്ദേശവും ഇതുതന്നെയാണല്ലോ. പക്ഷെ ഹിന്ദുമതം എന്നു പറയുമ്പോൾ അതിന്റെ വിശിഷ്ടാദർശങ്ങളെക്കാൾ ദുഷിച്ച ആചാരങ്ങളാണു നമ്മുടെ മനസ്സിൽ മുഖ്യമായി പ്രതിഫലിക്കുന്നതു്. അതുകൊണ്ടുതന്നെയാണ്

മി. അയ്യപ്പൻ ഹിന്തുമതത്തെ വെറുക്കുന്നത്. അതല്ല ബുദ്ധമതത്തോടുള്ള ബഹുമാനം കൊണ്ടാണു അദ്ദേഹം ഹിന്തുമതത്തെ വെറുക്കുന്നത്. മതം വേണ്ടെന്നു പറയുന്നുണ്ടെങ്കിലും മനസ്സുകൊണ്ടു അദ്ദേഹം ബുദ്ധമതത്തെ ബഹുമാനിക്കുന്നുണ്ടെന്നുള്ളതു് സഹോദരൻപത്രത്തിലെ മുദ്രാവാക്യം തെളിയിക്കുന്നുണ്ട്. ബുദ്ധമതം പല കാര്യങ്ങളിലും ഹിന്തുമതത്തെക്കാൾ സൗകര്യപ്രദമാണല്ലോ' എന്നു ഒരാൾ പറയുകയാണെങ്കിൽ മി. അയ്യപ്പനെ സംബന്ധിച്ചിടത്തോളം അതും ശരിയല്ലെന്നുള്ളതു അനായാസസിദ്ധമത്രെ. 'ബുദ്ധംശരണംഗച്ഛാമി' എന്നുള്ള മുദ്രാവാക്യം സ്വീകരിച്ചതുകൊണ്ടു [redacted]രാൾ ബുദ്ധമതാനുസാരിയാകുന്നില്ല ബുദ്ധമതത്തിന്റെ നാരായവേരു അഹിംസയത്രെ: ഇക്കാര്യത്തിൽ സഹോദരൻപത്രാധിപർ ബുദ്ധനെ എത്രമാത്രം അനുകരിക്കുന്നുണ്ടെന്നു അറിഞ്ഞാൽ കൊള്ളാം. അദ്ദേഹം മാംസം ഭക്ഷിക്കുന്നുണ്ടോ എന്നു എനിക്കു അറിഞ്ഞുകൂടാ. എന്നാൽ കൊച്ചി നിയമസഭയിൽ പശുഹിംസയെ നിരോധിക്കുന്നതിനുള്ള [redacted] ബിൽ ആലോചനയ്ക്കുവന്നപ്പോൾ മി. [redacted]യ്യപ്പൻ [redacted] ബില്ലിനു എതിരായിട്ടാണു വോട്ടു ചെയ്തതെന്നുള്ള [redacted] തീർച്ചയാണ്. ഈ ഒരൊററക്കാരണംകൊണ്ടു തന്നെ അദ്ദേഹം ബുദ്ധമതത്തെ വിശ്വസിക്കുന്നതു ഹിന്ദുമതവൈരത്തെ കാണിക്കാൻ മാത്രമായിട്ടാണെന്നും അല്ലാതെ ബുദ്ധമതത്തോടുള്ള [redacted]ഹുമാനംകൊണ്ടല്ലെന്നും തെളിയുന്നുണ്ടല്ലോ,

ഇങ്ങനെ പല ദൃഷ്ടാന്തങ്ങളിൽനിന്നും ഇന്നത്തെ [redacted]ത്തിനുള്ള യഥാർത്ഥകാരണങ്ങൾ വെളിപ്പെടുന്നുണ്ട്. ഇതോട [redacted]ടി സെൻസിന്റെ തള്ളിക്കേററവും കൂടിയായപ്പോൾ 'മോങ്ങാനിരിക്കുന്നനായുടെ തലയിലൊരു [redacted] വീണതുപോലെ'യായി കഥ. അതുകൊണ്ടു ഹിന്ദുമതത്തെ സ്നേഹിക്കുന്നവർ മി. അയ്യപ്പനേയോ മി. തമ്പാനേയോ കുററം പറയുകയല്ല. തങ്ങളുടെ കുററങ്ങളെ [redacted] പിടിച്ചു പരിഹരിക്കാൻ ശ്രമിക്കയാണു വേണ്ടത്.



സൂര്യന്റെ തിരോഭാവം.

(കെ. എൻ. ശേഖരൻ)

ഇരുനീലവിയത്തടാബ്ധിയെ
ത്തരണം ചെയ്‌വതിനാഞ്ഞു നാവികൻ
ശരണപ്രദ,മെന്നുരച്ചുദ—
മ്മരണം ചോപ്പൊരു നൌവിലേറിനാൻ ൧

പരകാര്യരതൻ, മനോഹരൻ
പരിവേഷാഭരണപ്രഭാഢ്യനായ്
വരസൂര്യ“കുമാര”നുജ്ജ്വല—
മ്പരമങ്ങേക്കരയാർന്നുകൊള്ളുവാൻ. ൨

സരസീരുഹമുഗ്ദ്ധവക്ത്രയായ്
സരസം പുഞ്ചിരിതൂവിനില്ക്കയാം
അരികിൽ ചില പൂക്കൾ ഹൈമമാം
തിരയാൽ മൂടി മുഖം കുനിയ്ക്കവേ. ൩

പടുഘോരതമസ്സകററിയൻ—
പൊട്ടു പൊങ്ങുന്നിനബാലനെന്നുതാൻ
സ്ഫുടമോതിയുരച്ചിടുന്നക—
ക്കടഗംഭീരനിനാദസന്നിഭം. ൪

പലവർണ്ണവിമിശ്രനാം ഭവാ—
നലകം നോക്കവെതെററവർണ്ണനായ്
വിലസുന്നു മഠങ്ങളിലും വെറും
പുലയന്മാരുടെ ചാളയിങ്കലും. ൫

വരശുഭ്രമനോജ്ഞഫേനമാം
ശരദഭ്രാവലി കീറിമാററിയും
അരമങ്ങിനെ ചീറിയോടിയ—
ക്കരപാററാൻ ധൃതികൂട്ടിടുന്നഹോ! ൬

അയി! ഭാസ്കര! ക്രൂരിരുട്ടിലാ—
ണ്ടപരശ്രീയിലസഹ്യരായ് പരം
ചില മൂങ്ങകൾ മൂളി മൂളി നിൻ—
നിലയിൽ താഴ്ച കഥിയ്ക്കിലെന്തതിൽ. ൭

വരവല്ലകിയെന്ന നിന്റെ തൃ—
ക്കരനിർമ്മാണപടുത്വമോർത്തുതാൻ
കരയുന്നിതാംപൂട്ടി "വീണപൂ,"—
നിരനീഹാരകണങ്ങളാലയേ. ൮

സമഭാവനയോടു മൂഴിയിൽ
കമനീയാഭ പരത്തിയും സദയം
ഭ്രമണം പരകാന്തമാക്കിയും
നമനീയാംഗ! ഭവാൻ പുലർന്നതെ. ൯

പലസൽകൃതിയാൽ പ്രശസ്തമാം
നിലവിട്ടാനത മൗലിയായ് ഭവാൻ
വിലയത്തിനു താണു താണു ഹാ!
നിലയില്ലൊന്നിനുമെന്നുരയ്ക്കയാം. ൧൦

സുഖഭോഗരതൻ, പരാമയ
പ്രഭവൻ, സ്വാർത്ഥപരനായ നാവികൻ
മരവിച്ച മനസ്സുകൊണ്ടുമച—
യ്യൊരാ ദുശ്ചിന്തയിൽ മുങ്ങി വാഹനം. ൧൧

അരുണാഭകലർന്ന പൂത്തനാം
ചരമാബ്ദ്രച്ചകലാസിൽ മൂടി! നീ
തിരുമേനിയുമോപ്പുവക്കേഴും
കരളും മുക്കിവിഷാദസിന്ധുവിൽ. ൧൨

ഘനഭൂഷിത മേനിയാന്ന "പ—
ല്ലുന" തൻ വക്രതയാണൊരാശയം
തനതെന്നഭിമാനമെന്നിയീ—
ജനതയ്ക്കെന്തിനു കാട്ടി നിഷ്കൃപാ. ൧൩

ദിനനാഥനെ നിർദ്ദയം വലി
ച്ചനപായം പശിയാറി, നിശ്ചലം
തനതാനന മോടികാട്ടി നീ
കനയാഗ്രേസര, സാഗരാധമ! ൧൪

"അഭയപ്രദ"മെന്നു വ്യക്തമാ—
യപശങ്കം മുഖമാവിലോതി നീ
അപമൃത്യുവടപ്പവർക്ക് നിഷ്
കൃപ! ചേർത്തിടിന ഘോരവാഹനാ! ൧൫

നിലവിട്ടു വിളിച്ചുകേണു തൻ
[redacted] തല്ലിക്കരയുന്ന ഹസ്തിതാ

വിലയററ വപുസ്സു കൂരിരുൾ
കലമാകം മഷിതേച്ചു മൂടുന്നാൾ. ൧൬

അയി! നിൻ വിരഹാൎത്തമാകയാൽ
"കുയിലി"ൻകണ്ണുമലൎച്ചയായിതേ
ഭയഗൽഗദവാണി "സീത"തൻ
ദയിതൻ വിട്ടളവെന്നപോലവെ. ൧൭

അളവററൊരു നിൻകരാഭയാൽ
തെളിവാൎന്നൂഴിയിലാക്രമിഷ്ടയായ്
വിളയാടിയ വിസ്തൃതാസ്യയാം
"നളിനി"ക്കെന്തിതി 'ലീല'യോൎക്കുകിൽ. ൧൮

ചിരമാൎയ്യ! ഭവാന്റെ സൽകൃതി—
ച്ചരിതം മാമകകാലയാപനേ
'കരുണാ'രസമാശ്രയം രസ
സ്ഫുരണം തന്നെ സഹായമാകണം. ൧൯

പരിപാവന! നിൻവിയോഗജം
പരിതാപത്തിനു മൽപ്രരോദനം
പരിഹാരമണച്ചിടട്ടെ സ-
ച്ചരിതം നിത്യതയാൎന്നിടട്ടെ മേൽ. ൨൦

തവരശ്മിയിലിന്ദുപോലെ നൽ
പ്രഭപൂണ്ടൊരു മദീയമാനസം,
ഭവികേതരമായി മാഞ്ഞിരു-
ണ്ടവിളംബം ബത വാടിയെന്നപോൽ ൨൧

കരുണാകര! നീ വെടിഞ്ഞൊരീ—
ധരണീനീരജപംക്തികൾക്കുമേൽ
ഒരു ശോഭയെഴില്ല, എങ്കിലും
തിരുമെയ്യങ്ങതിപ്രസന്നമാം. ൨൨

ഒരു ദ്വീപവാസിയുടെ ഏകാന്തചിന്ത

(കെ. കെ. പി.)

൧. പാൎത്ഥിപൻ ഞാനാകുന്നീപ്പാരിത്തിട്ടം സൎവ്വത്തിനും
ചോദ്യം ചെയ്‌വതിനാരുമില്ലയെന്നവകാശം
ദ്വീപമദ്ധ്യത്തിൽനിന്നു സമുദ്രതീരംവരെ
ഏകച്ഛത്രാധിപതി ഞാൻ പക്ഷിമൃഗങ്ങൾക്ക്

വിജനപ്രദേശമേ, നിൻമുഖകമലത്തിൽ
യതികൾ കണ്ട മനോഹരമാനന്ദമെങ്ങാണെടോ?
ഘോരമീവിജനത്തിൽ ഭരിക്കുന്നതിലേററ
മാര്യമേ ബഹളത്തിൻ നടുവിൽ കിടപ്പതും.

൨. ഞാനിന്നു നരനെത്താൻ വഹിയാതെടത്തായി,
ഞാൻ സർവ്വവ്യാപാരവുമേകനായ് നടത്തേണം;
മർത്ത്യഭാഷണഗാനമരന്ദമസ്സുമിച്ചു.
ആർത്തനായ് ഞെട്ടുന്നു ഞാനെൻധ്വനികേട്ടുതന്നെ
ഇമ്മരുപ്രദേശത്തിലലയും മൃഗതതി
എന്നുടെ സാന്നിദ്ധ്യത്തെ വകവയ്ക്കീലതെല്ലാം
നരരെയപരിചിതരാണവയത്രമാത്രം
തരുന്നു ഭയമെനിക്കവതൻ ശാന്തതയും

൩. സ്നേഹമേ! യനുരാഗ, സമുദായൈക്യങ്ങളേ!!
ഈശനാൽ മനുജനു ദത്തമായവനിങ്ങൾ.
ദൈവമേ, ഒരു പ്രാവിൻ ചിറകുലഭിച്ചെങ്കിൽ
എങ്ങിനെ വേഗേനഞാനിവയെ ഭുജിച്ചേനേ,
എന്നുടെ താപമെന്നാൽ മതത്തിൻവഴിയാലും
ഉന്നതസത്യമാർഗ്ഗത്താലും ഞാൻ ഹനിച്ചേനേ.
കാലത്താൽ സംസ്കരിച്ച വിജ്ഞാനമാർജ്ജിച്ചേനേ.
ബാലന്മാർ ചടുലോക്തിയാലെഞാൻ തോഷിച്ചേനെ.

൪ ഇത്ഥമെന്നെക്കളിക്കോപ്പായ്ക്കളിച്ച കാററുകളെ,
വല്ലതും കൊണ്ടുവരാൻ വിജനമീത്തീരത്തിൽ
ഞാനിനികാണ്മാനാവതല്ലാത്തെൻനാട്ടിൽനിന്ന്
ഹൃദ്യമായ് സ്നേഹമോലും വല്ലസന്ദേശത്തെയും;
എൻസ്നേഹിതന്മാർ വല്ല നേരമെങ്കിലും ചില
ചിന്തകളെന്നെപ്രതി വിടുകപതിവുണ്ടോ?
ചൊല്ലുകയുണ്ടോ എനിസ്സുഹൃത്തായെനിക്കാരാനും,
തെല്ലുമസ്സ്നേഹാനനം മേലിൽ ഞാൻ കാണായ്കിലും

൫. ചിത്തദർശനമെത്ര സത്വരം സാധിക്കുന്നു
തത്തുല്യമില്ലയതിൽഗതിവേഗത്താൽ പിമ്പിൽ
നില്ക്കുകൊടുങ്കാററു തോററാളു വീണുപോണു.
ചടുലഗതിയിടിമിന്നലും ചടയുന്നു.
ജന്മഭൂവിന്റെ ചിന്തയെനിക്കു വരുന്നേരം
കാൽനൊടിയവിടത്തന്നാണു ഞാനെന്നുതോന്നും
ഹാ! കഷ്ടമപ്പോൾ തന്നെ വാസ്തവസ്മരണകൾ
പായിപ്പൂ നിരാശയിൽ തിരികെയെന്നെ വേഗം.

൩. സമുദ്രപതംഗങ്ങൾ പോയിതു പോതുകളിൽ
മൃഗവൃന്ദങ്ങളും ഗുഹതന്നിലും കിടപ്പായി.
ഇപ്പാരിലുമൊരു വിശ്രമവേളയുണ്ടു്
വിശ്രമത്തിന്നു ഞാനും ശയ്യയെയണയുന്നു,
സർവ്വത്രവീശുന്നേകകരുണാകരദ്യുതി
കരുണയാശാതന്തുവുജ്ജീവപ്പെടുത്തുന്നു,
കരുണ, [redacted]വത്തിന്നുമഴകൊന്നരുളുന്നു
കരുണവിധിയേതുതന്നിലുമേകും ശാന്തി.



തിയർക്കെങ്ങിനെ രക്ഷകിട്ടും

'തീയർക്കെങ്ങിനെ രക്ഷകിട്ടും'? എന്നുള്ള ഈ ചോദ്യം രണ്ടു കൊല്ലം മുൻപു മിതവാദി പത്രാധിപർ സി. കൃഷ്ണനവർകൾ ബി. എ. ബി. എൽ. പൊതുജനസമക്ഷം അവതരിപ്പിച്ചിരുന്നതും ബുദ്ധമതസ്വീകരണത്തെ ലക്ഷീകരിച്ചു പല മാന്യന്മാരും [redacted]തിനു സമാധാനം എഴുതിയിരുന്നതുമാണു്. എങ്കിലും ഈഴവ സമുദായം ഈ വിഷയത്തെപ്പററി ഗാഢമായി ചിന്തിക്കുകയും തൽഫലമായി അവർ പല പ്രസ്ഥാനങ്ങളിലും അകപ്പെടുകയും ചെയ്തുവരുന്നുണ്ടു്. ആപൽകരമായ ഈ പരിവർത്തനദശയിൽ നിന്നും ജനസഞ്ചയത്തെ രക്ഷിക്കേണ്ട കാലവും ആസന്നമായിരിക്കുന്നു.

ഹിന്തുമതം വിശിഷ്ടാദർശങ്ങളുടെ ഒരു വിളനിലമാകുന്നു. പല ഭാരതീയപണ്ഡിതന്മാരും [redacted] മതാഭിവൃദ്ധിക്കുവേണ്ടി പ്രവർത്തി എടുത്തിട്ടുള്ളതും അതിൽതന്നെ ജീവിതം കഴിച്ചുകൂട്ടിയിട്ടുള്ള [redacted] ഈ മതവൈശിഷ്ട്യത്തെ വേണ്ടുവോളം വെളിപ്പെടുത്തുന്നുണ്ടു്. ഹാ! കാര്യമാമീ നഭസ്സിൽ പന്നിടാണു് ചാതുർവർണ്യം എന്ന കാർകൊണ്ടൽ വന്നുകേറിയതും ഏകാന്തസൗഖ്യത്തെ ഭഞ്ജിച്ചുകളഞ്ഞതും. [redacted] ചാതുർവർണ്യവിഭാഗം അഥവാ ജാതിവിഭാഗമാണു് [redacted] 'കാലിൽ ചങ്ങലയും കയ്യിൽ വിലങ്ങുമായി ജീവിതമാം ജേലിൽ' അടയ്ക്കപ്പെട്ടിരിക്കുന്നതു്. നല്ല മരത്തിൽ ഇത്തിക്കണ്ണി

പിടിക്കുംപോലെ പരിപാവനമായ സനാതനഹിന്തുധർമ്മവൃക്ഷത്തിലും പരിതാപകരമായ ജാതി ഇത്തിക്കണ്ണി പുരാതനകാലംമുതൽക്കേ ഭയങ്കരമാംവണ്ണം പടർന്നുപിടിച്ചുപോയി. 'മനസ്വിമാർ മനസ്സൊഴിവതശക്യമൊരാളിലൂന്നിയാൽ' എന്നുള്ള മഹാകവിവാക്യംപോലും ഭേദപ്പെടുത്തിക്കളയാം. പുഴയൊഴുകുംവഴിയും വേണമെങ്കിൽ വേറെ ആക്കാം. ഇതെല്ലാം കഴിയുമെങ്കിലും പഴകിയ ഈ 'തരുവല്ലി' മാറുന്ന കാര്യം മഹാവിഷമംതന്നെ. ധർമ്മവൃക്ഷത്തെ സാരമായി ബാധിച്ച ഈ പിണി വേണ്ട 'വട്ട'വുണ്ടാക്കിത്തീർത്തിരിക്കുന്നു. ഇതു ധർമ്മവൃക്ഷത്തോടുള്ള വിരോധം കൊണ്ടല്ലെന്നും പ്രത്യുതസ്നേഹാധിക്യത്താൽ മുറുകെ പിടിച്ചുപോയെന്നേ ഉള്ളുവെന്നും തോന്നിപ്പോകും. ഈ ഇത്തിക്കണ്ണി നശിക്കുകയാ നശിപ്പിക്കുകയോ ചെയ്താലും ധർമ്മവൃക്ഷത്തിനു പററിയ വട്ട മാറുന്നതല്ല. അതാണ് മി. അയ്യപ്പൻെറ അഭിപ്രായത്തിനു പ്രത്യക്ഷവിരോധമായും മിതവാദിയോടേതാണ്ടനുകൂലിച്ചും മി. മാളവ്യ 'ജാതി നശിപ്പിക്കുവാനുള്ള പാഴ്‌വേലയ്ക്കു നാം ഒരുങ്ങേണ്ട' എന്നു നമ്മോടു ഉൽഘോഷിച്ചതു്. പണ്ഡിതജി പറഞ്ഞതു പരമാർത്ഥമല്ലേ? ജാതി പോയാലും ഇത് മതത്തിനു തന്മൂലം സിദ്ധിച്ച വട്ടവുണ്ടോ ഭേദമാവാൻ പോകുന്നു! മതം നന്നാകണമെങ്കിൽ ജാതിയുടെ പാടും അന്ധവിശ്വാസത്തിൻെറ കെട്ടുപാടും പാടേ നശിച്ചുപോകണം. അങ്ങിനെയുള്ള ഒരു സുവർണ്ണദശ വരണമെങ്കിൽ—മാനുഷഗർവ്വമൊക്കെ ഇവിടെ പൂക്കസ്തമിച്ച് ഇതൊരദ്ധ്യാത്മവിദ്യാലയമായിട്ടു മാറുകതന്നെ വേണം. അതൊട്ടു നടപ്പുമില്ലല്ലോ?

ഇനി ഹിന്തുമതം വിട്ടു മററുചില പ്രസ്ഥാനങ്ങളിലേക്കു കണ്ണോടിക്കാം. അമ്പുതറച്ചു പതിച്ചോരു പക്ഷിയെ അങ്കത്തിൽ വെച്ചു കരഞ്ഞവനായ ശ്രീ ബുദ്ധഭഗവാൻെറ സംഘം ശരണീകരിച്ചാലോ? അവർേശവശത്തിൽ അതു ആരേയും അധഃപതിപ്പിക്കയില്ലെന്നുള്ളതു നിശ്ചയംതന്നെ. പക്ഷേ കേരളീയരായ നമുക്ക് അതു പററിയതാണോ എന്നു ഒന്നുകൂടി ആലോചിക്കേണ്ടതാണ്. ആര്യസമാജമായാലോ? ഇതുഴവന്നു അതു അജാഗളസ്ഥനമാണെന്നു അനുഭവം സാക്ഷ്യപ്പെടുത്തുന്നു ആത്മവിദ്യയായാലെന്താ? അതൊരു സുമാറുമില്ലാത്ത പണി തന്നെയാണ്. ബുദ്ധമതത്തി

നം ആൎയ്യസമാജത്തിനും വല്ല കുറവുമുണ്ടോ എന്നു ചോദിച്ചാൽ ഒരു കുറവുമില്ല. ജപ്പാനിലും പഞ്ചാബിലും അതു കുറെ കൂടുതലെ ഉള്ളു എന്നു പറയാം. ആദൎശം പരിശുദ്ധമാണെന്നും സമ്മതിക്കാം. എന്നാൽ ഈഴവനു ഇവ മൂലം രക്ഷയില്ലെന്നേ പറയുന്നുള്ളൂ. നമ്മുടെരക്ഷാസ്ഥാനമായ എസ്. എൻ. ഡി. പി. യോഗത്തിൽ പഞ്ചാബിലെ ഒരു ആൎയ്യനും ജപ്പാനിലെ ഒരു ബുദ്ധനും അംഗമായി ചേൎന്നാൽ അവിടങ്ങളിൽ ജീവിക്കുന്നിടത്തോളം കാലം അവൎക്കുണ്ടാകാവുന്ന ഗുണം ഊഹ്യമാണല്ലോ? അത്രമാത്രമേ ആവക പ്രസ്ഥാനം നമ്മെളെയും രക്ഷിക്കയുള്ളൂ. അതിനാൽ പരിവൎത്തനം ആശിക്കുന്നുണ്ടെങ്കിൽ ഈ 'മാസ്കുകളി'ക്കൊന്നിനും പോകാതെ പൗരുഷമുള്ളവർ ക്രിസ്തുമതത്തിലൊ മുഹമ്മദുമതത്തിലോ ചേൎന്നു രക്ഷപ്രാപിക്കേണ്ടതാകുന്നു.

ഹിന്ദുമതംപോലെ ആചാരങ്ങളാൽ ആദൎശങ്ങൾ വ്യഭിചരിക്കപ്പെട്ടിട്ടുള്ള ഒരു മതം ഇന്നുലോകത്തിലില്ല. നിഷ്കൃഷ്ടമായ പല അനാചാരങ്ങളുംഎന്നും നടപ്പിലിരുന്നുപോകും. ഒരുപുലയയുവതിയിൽ ഈഴവനു ഒരുകുട്ടിയുണ്ടായാൽ അതു പുലയനും, ഈഴവസ്ത്രീയിൽ പുലയനു ഒരു കുട്ടിജനിച്ചാൽ അതു ഈഴവനുമാണത്രേ. അതു തന്നെയോ ഒരേബീജത്തിലുണ്ടാകുന്ന രണ്ടുകുഞ്ഞുങ്ങൾ തമ്മിൽ സഹോദരങ്ങളല്ലപോലും. ഒരു ബ്രാഹ്മണനു ബ്രാഹ്മണിയിൽ ഉണ്ടാകുന്ന സന്തതിയും നായർസ്ത്രീയിൽ ഉൽപാദകമാകുന്ന സന്തതിയും രണ്ടു ജാതികളായി കരുതപ്പെടുന്നു. ഇങ്ങിനെ തായ്‌വഴി നോക്കിയിട്ടുള്ളതാണത്രെ ജാതിവിഭാഗം. അക്രമപരമായ ഈ അനാചാരങ്ങളുടെ അടിത്തട്ടു തോണ്ടുന്നതാണ് മിശ്രവിവാഹവും മിശ്രഭോജനവും. ഒരുഈഴവനു പുലയ വനിതയെ വിവാഹം ചെയ്യാമെന്നുണ്ടെങ്കിൽ ആ നിയമമനുസരിച്ചു ഈഴവസ്ത്രീയെ പുലയനും വിവാഹംചെയ്യേണ്ടതാണ്. അല്ലെങ്കിൽ അതു അധൎമ്മവും അനീതിയുമായിരിക്കും. ശ്രീനാരായണപരമഹംസന്റെ സന്ദേശങ്ങൾ അനുസരിക്കുവാൻ തയ്യാറുണ്ടെങ്കിൽ നിശ്ചയമായും രക്ഷാസ്ഥാനമന്വേഷിച്ചുനാം വലയേണ്ട. മതഭ്രാന്തന്മാരായി ഓടിനടന്നു ലയേണ്ടുന്ന ആവശ്യവുമില്ല. ആകയാൽ 'സ്വാമിസന്ദേശം' തന്നെയാകുന്നു നമ്മുടെ രക്ഷാമാൎഗ്ഗം.



തിരുവിതാംകൂർ

ഈഴവറഗുലേഷൻ

വ്യാഖ്യാനം.

തിരുവിതാംകൂർ ഹൈക്കോടതി ജഡ്ജി ബഹുമാനപ്പെട്ട ജോസഫ് തളിയത്ത് അവർകൾ എം. എ. ബാർ—അററ്‌ലാ— നിയമനിർമ്മാണസഭ എക്സ് ഡെപ്യൂട്ടിപ്രസിഡണ്ടും ഹൈക്കോർട്ടുവക്കീലുമായ റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ അവർകൾ ബി. എ. ബി. എൽ. ആലപ്പുഴ, കോട്ടയം ഡിവിഷൻ അസിസ്റ്റന്റും ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടും ആയ സി. ഒ. മാധവൻ അവർകൾ ബി. എ. ബി. എൽ. നിയമനിർമ്മാണസഭാമെമ്പറും എസ്. എൻ. ഡി. പി. യോഗം ജനറൽസിക്രട്ടറിയും ഹൈക്കോർട്ടുവക്കീലുമായ ശ്രീമാൻ എൻ. കുമാരൻ ബി. എ. ബി. എൽ. കൊല്ലം, ആലപ്പുഴ സർക്കാർവക്കീൽ ശ്രീമാൻ എൻ. കെ. നാരായണപിള്ള അവർകൾ ബി. എ. ബി. എൽ. മുതലായ അനേകം നിയമപണ്ഡിതന്മാരുടെ വിലയേറിയ പ്രശംസാപത്രങ്ങളോടുകൂടിയത്.

ഈ പുസ്തകത്തിൽ ഈഴവറഗുലേഷന്റെ പൂർണ്ണമായ വ്യാഖ്യാനം, നായർറഗുലേഷനുമായുള്ള വ്യത്യാസം, മരുമക്കത്തായചരിത്രം, മരുമക്കത്തായനിയമം, മദ്രാസ് ഹൈക്കോടതിയിലേയും തിരുവിതാംകൂർ ഹൈക്കോടതിയിലേയും ഇതുപര്യന്തമുള്ള പ്രധാനവിധികളുടെ ചുരുക്കം, ലാക്കമ്മീഷൻ റിപ്പോർട്ടിന്റെയും നിയമനിർമ്മാണസഭയിലെ വാദപ്രതിവാദങ്ങളുടെയും മുഖ്യഭാഗങ്ങൾ, സ്വതന്ത്രമായ നിരൂപണം മുതലായവ അടങ്ങിയിരിക്കുന്നു. വക്കീലന്മാർക്കും പാമരന്മാർക്കും ശാഖായോഗക്കാർക്കും ഒരുപോലെ ഉപയോഗപ്രദമായ ഒരു പുസ്തകം.

ഗ്രന്ഥകർത്താ, എൻ. ആർ. കൃഷ്ണൻവക്കീൽ ചേർത്തല.

ഭംഗിയായി കാലിക്കോബയന്റു ചെയ്തിട്ടുള്ള പുസ്തകം ഒന്നിന് വില ബ്രി. രൂപാ ഒന്ന്

പുസ്തകം ഗ്രന്ഥകർത്താവിനോടാവശ്യപ്പെട്ടാൽ കിട്ടുന്നതാണ്

Printed and Published by A. K. Sarma, Perassery at the Popular Press, Kottayam.